കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെളിയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-6/1728/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കൊല്ലം

തീയതി.24/10/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെളിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിയം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾപ്രകാരം വെളിയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3.1, 3.2, 3.3 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ്സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.എൽ.എഫ്.കെ.എൽ.എം.പി.6/1728/2017 തീയതി:24.10.2017

**കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.11.16 മുതൽ 31.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്<br>ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 2.8.2017 മുതൽ<br>9.8.3017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ നവീൻ ചന്ദ്രൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശശി ജോഷ്.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി. ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി സുലേഖ. എ.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷൈലാ സലിംഖാൻ | 01.04.2016 മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ. ബിനു.എൻ.വാഹിദ് | 01.04.2016 മുതൽ 7.7.2016 വരെ |
| | ശ്രീ.പുഷ്പാംഗദൻ | 8.7.2017 മുതൽ 4.8.2016 വരെ |
| | ശ്രീ.സുജിത് കുമാർ.വി. | 5.8.2017 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| | | |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| എ.ഇ. എൽ.എസ്.ജി.ഡി | ശ്രീമതി രജനി. എസ് | 01.04.2016 മുതൽ 7.7.2016 വരെ |
| | ശ്രീമതി സിന്ധു. വി.ജെ | 7.7.2016മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. രഞ്ജിത്. എസ് | 1.4.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ , പി.എച്ച്. സി | ഡോ.ദിവ്യാ ശശി | 1.4.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയൂർവേദം | ഡോ. റീനാ ശാന്തം | 1.4.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.ബിനീഷ്. കെ | 1.4.2016 മുതൽ 31.03.2017 വരെ |
| എച്ച്.എം. | ശ്രീമതി.ലളിതാകുമാരി | 1.4.2016മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ശശികല | 1.4.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഗായത്രീദേവി | 1.4.2016 മുതൽ 12.7.2016 വരെ |
| | ശ്രീമതി.ഷൈനി | 13.7.2016 മുതൽ |

| | | |
|---|---|---|
| | | 31.3.2017 വരെ |
| വെറ്റിനറി സർജൻ | ഡോ. ബിന്ദു മാത്യു | 1.4.2016 മുതൽ 18.9.2016 വരെ |
| | ഡോ.സജയകുമാർ | 19.9.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.റ്റി. ജയചന്ദ്രൻ നായർ | 1.4.2016 മുതൽ 31.7.2016 വരെ |
| | ശ്രീ. മുഹമ്മദ് റിസാ. എ | 1.8.2016 മുതൽ 31.3.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം -2 | | |
| 12 | ക്രയവിക്രയങ്ങളില്ലാതെ ബാങ്ക് അക്കൗണ്ട് മരവിപ്പിച്ചു | 2-1 |
| 13 | പണി പൂർത്തിയാക്കിയിട്ടും കെട്ടിടത്തിന്റെ പകുതി ഭാഗത്തിനു മാത്രം നികുതി നിർണ്ണയിച്ചു | 2-2 |
| 14 | തറവിസ്തീർണ്ണത്തിനനുസരിച്ചുള്ള വരദ്ധനവ് വരുത്തി നികുതി ഈടാക്കുന്നില്ല | 2-3 |
| 15 | വരവ് തുകയുടെ കൃത്യത ബോധ്യപ്പെടുന്നില്ല | 2-4 |
| 16 | കെട്ടിടനികുതി ഈടാക്കിയതിൽ കുറവ് | 2-5 |
| 17 | അങ്കണവാടിക്ക് ഫർണീച്ചർ പദ്ധതി – ടെണ്ടർഫോറം വില, ഇ.എം.ഡി എന്നിവ ഈടാക്കാതെ ടെണ്ടർ അംഗീകരിച്ചു നൽകി | 2-6 |
| 18 | സാക്ഷരതാപ്രേരക് – ഓണറേറിയം നൽകിയ തുക റീക്കുപ്പ് ചെയ്തിട്ടില്ല | 2-7 |
| 19 | ഓ.ഡി.എഫ് തിരികെ ലഭിച്ച തുകകൾ തനതുഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടില്ല | 2-8 |
| 20 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-9 |
| 21 | രസീതുപരിശോധനയിൽ കണ്ടെത്തിയ അപാകത | 2-10 |

| | | |
|---|---|---|
| 22 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില , വാറ്റ് തുക ഗ്രമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-11 |
| ഭാഗം -3 | | |
| 23 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രോജക്ട് – ആശാകിരണം പദ്ധതി – സാമ്പത്തിക ക്രമക്കേടുകൾ | 3-1 |
| 24 | പാലിന് സബ്സിഡി – ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക അക്കൗണ്ടിൽ ഒടുക്കി | 3-2 |
| 25 | മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പവർ ടില്ലർ പാടശേഖരസമിതിയ്ക്ക് വാങ്ങി നൽകിയത് | 3-3 |
| 26 | തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി കരാറുകാർ മുഖേന നടപ്പിലാക്കുന്നു. ഒപ്പം തെഴിൽകൂലി ക്രമരഹിതമായി കെ.എസ്.ഇ.ബി യ്ക്കും നൽകുന്നു | 3-4 |
| 27 | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ – മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും പിഴവുകൾ | 3-5 |
| 28 | വൈദ്യുതിചാർജ്- നിലവിൽ ഇല്ലാത്ത ബൾബുകൾക്ക് വൈദ്യുതിചാർജ് ഒടുക്കുന്നു | 3-6 |
| 29 | പശ്ചിമഘട്ട വികസനപദ്ധതി – തുക ബാക്കി നിൽക്കുന്നു | 3-7 |
| 30 | അതുല്യം – തുടർവിദ്യാഭ്യാസപദ്ധതി- പഠിതാക്കളുടെ വിവരം ലഭ്യമാക്കിയില്ല | 3-8 |

| | | |
|---|---|---|
| 31 | പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ – മാനദണ്ഡങ്ങൾ പാലിയ്ക്കാതെ തുക നിക്ഷേപിച്ച-പദ്ധതി പൂർത്തീകരണ വിവരങ്ങൾ ഇല്ല | 3-9 |
| 32 | എസ്.എസ്.എ.വിഹിതം നൽകൽ വിനിയോഗ വിവരങ്ങളും ഹാജരാക്കിയിട്ടില്ല | 3-10 |
| 33 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 3-11 |
| 34 | ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ മരാമത്തുപ്രവൃത്തികൾ – സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-12 |
| 35 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ – മരുന്നുകൾ ലഭ്യമായിട്ടില്ല | 3-13 |
| 36 | പുറമ്പോക്ക രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-14 |
| 37 | ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച – 1,50,81,728/- ചെലവഴിക്കപ്പെട്ടിട്ടില്ല | 3-15 |
| 38 | അങ്കണവാടി ഭൗതിക സാഹചര്യങ്ങൾ | 3-16 |
| 39 | ആസ്തിരജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല-M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ ആരംഭിച്ചില്ല | 3-17 |
| 40 | മരുന്ന ലഭിച്ചിട്ടില്ല | 3-18 |
| ഭാഗം – 4 | | |

| | | |
|---|---|---|
| 41 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 49 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| 50 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 17.3.2016 ലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾഎൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾഎൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.07.2017 | 12.7.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 2.8.2017 | സർട്ടിഫിക്കറ്റ് അനുബന്ധമായി ഈ റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ

1. SBT KOTTARAKKARA യിലെ LITERACY ACCOUNT (ACCOUNT NUMBER 57029859220) 28.8.2015–ൽ ക്ലോസ് ചെയ്തതായി ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 28.8.2015-ൽ 18,350/-രൂപ ടി അക്കൗണ്ടിൽ ബാക്കി നിൽക്കുന്നു.

2.കെട്ടിടനികുതി വരവ്-സഞ്ചയസോഫ്റ്റ്വെയറും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല.

3.സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തി സ്റ്റോക്കുരജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ stock in hand എന്ന ഹെഡിലെ തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

4. 320700204 എന്ന ഹെഡിൽ ചേർത്തിരിക്കുന്ന ( Contributions for joint venture projects from block panchayats ) 1,69,687/- രൂപയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

5. പ്രത്യേക ആവശ്യത്തിനായി ലഭിച്ച തുകകളിൽ താഴെപ്പറയുന്ന ഹെഡുകളിൽ ചേർത്തിരിക്കുന്ന തുകകൾ ഉപയോഗിക്കാതെ സൂക്ഷിക്കുന്നു. ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

| ഹെഡ് നമ്പർ | ഇനം | തുക |
|---|---|---|
| 320200305 | Grants funds & contributions for specific purposes | 8,24,495/- |

| | | |
|---|---|---|
| 320300103 | Grants, funds &contributions for specific purposes-total sanitation | 9,83,109/- |
| 320300199 | Grants, funds &contributions for specific purposes | 5,550/- |

6. ഗുണഭോക്തൃവിഹിതമിനത്തിൽ (320800101) ലഭിച്ച 2,325/-രൂപ ഏതു വർഷത്തെ ഏതു പ്രോജക്ടിനുവേണ്ടി വരവുവന്നതാണെന്നും ആയത് ചെലവാക്കാതെ സൂക്ഷിക്കുന്നതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല.

7. താഴെപ്പറയുന്ന ഡെപ്പോസിറ്റ് തുകകൾ നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ഹെഡ് നമ്പർ | ഇനം | തുക | തുക നൽകിയ വർഷം |
|---|---|---|---|
| 460500201 | Advance to implementing agencies-deposits with KWA | 11,09,184/-<br>1,11,000/-<br>9,98,184/- | 2015-16<br>2016-17 |
| 460500202 | Advance to implementing agencies-deposits with KSEB | 9,900/- | 2014-15 |
| 460500205 | Advance to implementing agencies-deposits with PWD | 12,000/- | 2013-14 |
| 460600101 | Electricity deposits | 8,000/- | 2012-13 |
| 460600199 | Other deposits | 2,845/- | 2015-16 |

പ്രസ്തുത തുകകൾ ഡെപ്പോസിറ്റുചെയ്ത വർഷം ആയതിന്റെ വിനിയോഗവിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. മുൻവർഷ ഡെപ്പോസിറ്റ് തുകകൾ അഡ്ജസ്റ്റ് ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

8) EMS ഹൗസിംഗ് ലോൺ അക്കൗണ്ടിൽ(450230105) 892/-രൂപ ബാക്കി നിൽക്കുന്നു.

## 1-4 <u>സാമ്പത്തികവിശകലനം</u>

| | |
|---|---|
| മുന്നിരിപ്പ് | 1,11,01,526/- |
| വരവ് | 6,22,99,304/- |
| ആകെ | 7,34,00,830/- |

| | |
|---|---|
| ചെലവ് | 5,89,18,552/- |
| നീക്കിയിരിപ്പ് | 1,44,82,278/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14514134 | 14514134 | 14514134 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8270056 | 8270056 | 8270056 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | - | | - | - | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | | 3530196 | 3530196 | 3530196 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 2232778 | 2232778 | 2232778 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 7875047 | 7875047 | 7875047 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | | 248860 | 248860 | 248860 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1610 | 1207725 | 1209335 | 1201844 | 7491 | |
| ബി ഫണ്ട് | | 50770380 | 50770380 | 50770380 | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ്വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 9,66,09,179/- | 120 | 4,17,61,797/- | 2 | 41 | 77.27 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയുംപ്രകാരം 21.67% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 26,12,621/- | 48,81,645/- | | |
| നികുതിയേതര വരവുകൾ | 16,11,154/- | 16,06,531/- | | |
| മറ്റുവരവുകൾ | 99,34,480/- | 1,07,38,834/- | | |
| ആകെ | 1,41,58,255/- | 1,72,27,010/- | 30,68,755/- | 21.67% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 5,68,440/- | 294 |
| കർഷകതൊഴിലാളി പെൻഷൻ | 17,67,800/- | 184 |
| വിധവാപെൻഷൻ | 1,93,41,100/- | 1720 |
| വാർദ്ധക്യകാലപെൻഷൻ | 2,28,68,205/- | 2427 |
| വികലാംഗപെൻഷൻ | 51,12,115/- | 445 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,52,720/- | 52 |
| വിവാഹധനസഹായം | 6,60,000/- | 22 |

## **1-9** <u>ക്യാഷ് വെരിഫിക്കേഷൻ</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പുപ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.8.2017-ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,082/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## **1-10** <u>ആഭ്യന്തരനിയന്ത്രണം</u>

ഗ്രാമപഞ്ചായത്തിന്റെ വരവിനങ്ങളുടെ പിരിവ് കാര്യക്ഷമമല്ല. പ്രധാനയിനമായ കെട്ടിട നികുതി നിർണ്ണയത്തിൽ വരുത്തിയ വീഴ്ചകൾ ആവർത്തിക്കുന്നില്ല എന്ന് ചുമതലപ്പെട്ടവർ ഉറപ്പാക്കേണ്ടതാണ്. പുറമ്പോക്കുരജിസ്റ്റർ, ആസ്തിരജിസ്റ്റർ എന്നിവ കൃത്യമായ രേഖപ്പെടുത്തലോടുകൂടി സൂക്ഷിയ്ക്കേണ്ടതാണ്. പാലിയേറ്റീവ്കെയർ പ്രോജക്ടിലെ സാമ്പത്തിക ക്രമക്കേട്, പാലിന് സബ്സിഡിതുക അനുവദിച്ചത് ഗുണഭോക്താക്കൾക്ക് കൈമാറാതിരുന്നത് എന്നിവ ചുമതലപ്പെട്ടവരുടെ വീഴ്ച്ചയും മോണിറ്ററിംഗിന്റെ അഭാവത്തിനും ഉദാഹരണമാണ്. ഗ്രാമപഞ്ചായത്തിന് ലഭിച്ച സർക്കാർ ഗ്രാന്റുകളുടെ വിനിയോഗം കാര്യക്ഷമമല്ലാത്തതിനാൽ തൻവർഷം 1.5 കോടി രൂപ നഷ്ടമായിട്ടുണ്ട് . സമയബന്ധിതമായി പദ്ധതികളുടെ നിർവ്വഹണം നടത്തുന്നതിന്

ഭരണസമിതിയുടെ മേൽനോട്ടം അത്യന്താപേക്ഷിതമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.7.2017 | June 2017 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9/2012 | 2008-2011 | 11.12.2012 |

## ഭാഗം-2

### വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ക്രയവിക്രയങ്ങളില്ലാതെ ബാങ്ക് അക്കൗണ്ട് മരവിപ്പിച്ചു

വാർഷികകണക്കുകൾ പ്രകാരം SBT KOTTARAKKARA യിലെ LITERACY ACCOUNT (ACCOUNT NUMBER 57029859220) എന്ന അക്കൗണ്ടിൽ മുൻബാക്കിയും നീക്കിയിരിപ്പുമായി 18,350/-രൂപയാണ് ഉണ്ടായിരുന്നത്. എന്നാൽ ആയതിന്റെ പാസ്സ്ബുക്ക് പരിശോധിച്ചപ്പോൾ 28.8.2015 –ൽ 18,350/-രൂപ ബാക്കി നിന്നിരുന്നു. എന്നാൽ പ്രസ്തുത അക്കൗണ്ട് 28.08.2015-ൽ ക്ലോസുചെയ്തതായി ബാങ്ക്പാസ്സ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.8 തീയതി 9.8.2017-ന് മറുപടിയായി ക്രയവിക്രയങ്ങളില്ലാത്ത പ്രസ്തുത അക്കൗണ്ട് RBI നിർദ്ദേശപ്രകാരം മരവിപ്പിച്ചിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും ആയത് മരവിപ്പിച്ച നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് 10.04.2017, 22.05.2017 തീയതി കളിൽ SBT, കൊട്ടാരക്കര മെയിൻ ബ്രാഞ്ചുമാനേജർക്ക് കത്തുനൽകിയിട്ടുണ്ടെന്നും ആയതിന്റെ മറുപടി ലഭ്യമാകുന്നമുറയ്ക്കേ ഇതിൻമേൽ തുടർനടപടി സ്വീകരിക്കാൻ കഴിയൂ എന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

### 2-2 പണി പൂർത്തിയാക്കിയിട്ടും കെട്ടിടത്തിന്റെ പകുതി ഭാഗത്തിനുമാത്രം നികുതി നിർണ്ണയിച്ചു

1) ഫയൽ നമ്പർ A4 7393/16

ശ്രീ.ജയൻ, ശ്രീമതി.രശ്മി ദേവി എന്നിവർക്ക് 24.6.2016 തീയതി യിലെ A4-5341/2016 നമ്പർ പെർമിറ്റുപ്രകാരം താഴത്തെനില 102.92 m2, ഒന്നാംനില 14.82m2 ഉൾപ്പെടെ 117.74m2 ആണ്. ടി കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻപ്രകാരം താഴത്തെനില 102.92m2, സ്റ്റയർറൂം & ബഡ് റൂം -24.79 m2, ആകെ 127.71 m2 എന്നിങ്ങനെയാണ്. 23.9.2016 ലെ modern Builders Pooyappally-യുടെ completion certificate പ്രകാരം 127 m2 പൂർത്തികരിച്ചിട്ടുണ്ട്. എന്നാൽ 01.10.2016 ലെ ഓവർസിയറുടെ റിപ്പോർട്ടുപ്രകാരം താഴത്തെനില നിർമ്മാണം പൂർത്തിയാക്കി ഒന്നാംനില നിർമ്മാണം നടത്തിവരികയാണ്. ആയതിന്റെ താഴത്തെനിലയുടെ നിർമ്മാണത്തിന് ഭാഗികമായി ഒക്കുപ്പൻസി അനുവദിക്കാവുന്നതാണെന്ന് അറിയിച്ചതിനെതുടർന്ന് താഴത്തെനില 103 m2 മാത്രമേ നികുതി നിർണ്ണയിച്ചിട്ടുള്ളൂ. സ്റ്റെയർ എരിയ കെട്ടിടത്തിനുള്ളിലൂടെ ആയതിനാൽ സ്റ്റെയർ ക്യാബിൻ പൂർത്തിയാക്കാതെ ഒക്കുപ്പൻസി നൽകാനിവില്ലെന്നിരിക്കെ പണി പൂർത്തിയായ കെട്ടിടത്തിന് ഭാഗികമായി ഒക്കുപ്പൻസി നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (7/8.8.17)-ന് മറുപടിയായി സ്ഥലപരിശോധന നടത്തിയതിൽ കംപ്ലീഷൻ പ്ലാൻപ്രകാരമുള്ള നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതായി കണ്ടെത്തിയതിനാൽ 127.71 m2 തറവിസ്തീർണ്ണത്തിൽ നികുതി പുനർനിർണ്ണയം നടത്തി അധികനികുതി അടവാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.നികുതി പുനർനിർണ്ണയിച്ച് 127.71 m2 നുള്ള നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2) ഫയൽ നമ്പർ A4 3556/2016 ഓടനാവട്ടം കുടവട്ടൂർ എസ്. എൻ.ഡി.പി. ശാഖയുടെ ഓഫീസ് കെട്ടിടം 3.6.15 തീയതിയിലെ A4-5279/15നമ്പർ പെർമിറ്റ്പ്രകാരം താഴെപ്പറയും പ്രകാരം നിർമ്മാണത്തിന് അനുവാദം നൽകിയിരുന്നു. താഴത്തെ നില 88.83 m2 ഒന്നാം നില 88.83m2 രണ്ടാംനില16.87 m2 ആകെ 194.53 m2. കംപ്ലീഷൻ പ്ലാൻപ്രകാരം താഴത്തെ നില 88.83 m2, ഒന്നാംനില 16.87 m2 ആകെ 105.70m2ആണ്. എന്നാൽ ഓവർസിയറുടെ 7.4.2016 തീയതിയിലെ റിപ്പോർട്ടുപ്രകാരം 88.83 m2 മാത്രമേ അസ്സസ്സ് ചെയ്ത് നികുതി ഈടാക്കിയിട്ടുള്ളൂ. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 7/8.8.17-ന് മറുപടിയായി സ്ഥലപരിശോധന നടത്തിയതിൽ കംപ്ലീഷൻ പ്ലാൻപ്രകാരമുള്ള നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതായി കണ്ടെത്തിയതിനാൽ ആകെ 105.70m2 തറവിസ്തീർണ്ണത്തിൽ കെട്ടിടനികുതി പുനർനിർണ്ണയംനടത്തി ആയതുപ്രകാരം നികുതി അടവാക്കാൻ കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. പുതുക്കിയ കെട്ടിടനികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 തറവിസ്തീർണ്ണത്തിനനുസരിച്ചുള്ള വർദ്ധനവുവരുത്തി നികുതി ഈടാക്കുന്നില്ല

1) ഫയൽ നമ്പർ A4 252/17 താജുൽ അനസ്, ഷമീദ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ കെട്ടിടനികുതി അസ്സസ്സുചെയ്തത് താഴത്തെനില 229.38 m2 ഒന്നാംനില 82.04 m2 ആകെ 311.4m2 എന്ന നിലയിലാണ് (2/683). നികുതി കണക്കാക്കിയതിൽ 250 m2 മുകളിൽ ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിനുള്ള വർദ്ധനവ് (15%)വരുത്തി നികുതി ഈടാക്കിയിട്ടില്ല.

2) ഫയൽ നമ്പർ A4 3695/16 ഓടനാവട്ടം ദീപു ഭവനത്തിൽ ശ്രീമതി. റാണിവർഗ്ഗീസ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ നികുതി അസ്സസ്സുചെയ്തത് താഴത്തെനില 176.10m2 ഒന്നാംനില 119.40 m2 ആകെ 295.50m2 എന്ന നിലയിൽ ആണ്(V/895). നികുതി കണക്കാക്കിയതിൽ 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിനുള്ള വർദ്ധനവ് (15%) വരുത്തി നികുതി ഈടാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആയത് ഒഴിവാക്കിയിട്ടുണ്ടെന്നാണ് അറിയിച്ചത്. എന്നാൽ സഞ്ചയയിൽ പ്രസ്തുത വർദ്ധനവ് ഇപ്പോഴും നിലവിലുണ്ടെന്നും ഗ്രാമപഞ്ചായത്തിലെ മറ്റു കെട്ടിടങ്ങളിൽ ഈ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും പരിശോധനയിൽ ബോധ്യപ്പെട്ടതിനാലും ഈ മറുപടി അംഗീകരി ക്കാനാവില്ല. കെട്ടിടനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 2-4 വരവുതുകയുടെ കൃത്യത ബോധ്യപ്പെടുന്നില്ല

തനതുഫണ്ട് അക്കൗണ്ടിലെ വരവുതുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ്ബാങ്ക് അക്കൗണ്ടിൽ 6.3.2017 തീയതിയിൽ 1,20,000/-രൂപയും 21.03.2017 തീയതിയിൽ 49,687/- രൂപയും വരവുവന്നിട്ടുണ്ട്. ആകെ തുകയായ 1,69,687/-രൂപ വാർഷികകണക്കിലെ ബാലൻസ് ഷീറ്റിൽ ബി-4 320700204 contributions for joint venture projects (for revenue expenditure) from block panchayats) എന്ന ഹെഡിൽ ചേർത്തിട്ടുമുണ്ട്. ആയതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (8/9.8.2017) മറുപടിയായി പ്രസ്തുതതുകകൾ പഞ്ചായത്തിന്റെ TSB അക്കൗണ്ടിലേക്ക് ബ്ലോക്കുപഞ്ചായത്തിന്റെ അക്കൗണ്ടിൽനിന്നും direct credit ചെയ്തിട്ടുള്ളതാണെന്നും ആയത് സംബന്ധിച്ച് യാതൊരു വിവരങ്ങളും ബ്ലോക്ക് പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുതതുകകൾ എത് ആവശ്യത്തിന് ഏത് പ്രോജക്ടുപ്രകാരം വന്നതാണെന്ന് കണ്ടെത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-5 കെട്ടിടനികുതി ഈടാക്കിയതിൽ കുറവ്

ഫയൽ നമ്പർ A4 6027/16 ശ്രീ.സുരേഷ്കുമാർ, മയ്യൂരം, കുടവട്ടൂർ എന്നയാളിന്റെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം താഴെപ്പറയുംപ്രകാരമാണ് അസ്സസ്സ് ചെയ്തിരിക്കുന്നത്. 16/952 16/953 എന്നീ നമ്പറുകളിൽ അസ്സസ്സുചെയ്ത കെട്ടിടത്തിന്റെ വിസ്തീർണ്ണം 361.46 m2, 213.13 m2 എന്നിങ്ങനെയാണ്. പ്രസ്തുത കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100 m2 മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ , ഷോപ്പുകൾ , ഗോഡൗൺ എന്നിവയുടെ ഗണത്തിൽ 60/-രൂപ നിരക്കിലാണ് കെട്ടിടനികുതി ഈടാക്കിയത്. എന്നാൽ പ്രസ്തുത കെട്ടിടം വാണിജ്യാവശ്യത്തിനുള്ളവ 200 m2 മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ് , ഷോപ്പിംഗ്മാളുകൾ എന്നീ ഗണത്തിൽപ്പെടുന്നു. ആയതിനാൽ 80/- രൂപ നിരക്കിലാണ് നികുതി ഈടാക്കേണ്ടിയിരുന്നത്. നികുതി കുറവായി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7(8.8.17)-ന് മറുപടിയായി നികുതി നിർണ്ണയിച്ചപ്പോൾ പറ്റിയ ക്ലറിക്കൽ മിസ്റ്റേക്കാണെന്നും പുനർനിർണ്ണയംനടത്തി ബാക്കി നികുതി അടവാക്കുന്നതിന് കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 അങ്കണവാടിക്ക് ഫർണീച്ചർ പദ്ധതി - ടെണ്ടർഫോറം വില, ഇ.എം.ഡി എന്നിവ ഈടാക്കാതെ ടെണ്ടർ അംഗീകരിച്ച നൽകി

2016-17 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അങ്കണവാടിക്ക് ഫർണീച്ചർ എന്ന പ്രോജക്റ്റിനായി (പ്രോജക്റ്റ് നമ്പർ 94/17) ടെണ്ടർ ക്ഷണിച്ചപ്പോൾ ടെണ്ടർഫോറം വില, ഇ.എം.ഡി എന്നിവ ഒടുക്കാത്ത സ്ഥാപനത്തിനു ടെണ്ടർ അംഗീകരിച്ചു നൽകി. ഏറ്റവും കുറഞ്ഞനിരക്ക് ക്വോട്ടുചെയ്ത M/s തമ്പുരാൻ കാലയിൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിനാണ് ടെണ്ടർഫോറം വില, ഇ.എം.ഡി എന്നിവ ഈടാക്കാതെ ടെണ്ടർ അംഗീകരിച്ചു നൽകിയത് .

മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽനിന്നും അടങ്കൽ വച്ചിരുന്ന 2,20,000/-രൂപയിൽ 98,200/- രൂപ 29.3.2017 ലെ AW FURNITURE 3/17 നമ്പർ ബിൽപ്രകാരം പിൻവലിച്ച് 491/-രൂപ നിരക്കിൽ 200 കസേരകളുടെ വിലയായി തമ്പുരാൻ കാലയിൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ടെണ്ടർ ഫോറം വില, ഇ.എം.ഡി എന്നിവ ഒടുക്കിയതായി കാണുന്നില്ല. ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/തീയതി 7.8.17) മറുപടിയായി തുക ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 സാക്ഷരതാപ്രേരക് -ഓണറേറിയം നൽകിയ തുക റീക്കൂപ്പ് ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിൽനിന്നും സാക്ഷരതാപ്രേരകിന് ഓണറേറിയം, അലവൻസ് എന്നിവ നൽകിയ തുക സാക്ഷരതാമിഷനിൽനിന്നും റീക്കൂപ്പ് ചെയ്തിട്ടില്ല. 2015 വർഷം ഡിസംബർമാസം മുതൽ ഗ്രാമപഞ്ചായത്തിൽ ജോലിചെയ്യുന്ന സാക്ഷരതാപ്രേരകിന് ഓണറേറിയം, അലവൻസ് എന്നിവ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | തുക | വൗച്ചർ നമ്പർ | ചെക്ക് നമ്പർ |
|---|---|---|---|
| 12/15,1/16 | 5,800/- | 21600028 | 19377/ 18.4.2016 |
| 2/16,3/16,4/16 | 8,700/- | 21600086 | 19400/ 23.5.2016 |
| 5/16,6/16 | 5,800/- | 21600171 | 19433/ 29.7.16 |
| 7/16,8/16, onam allowance | 8,000/- | 21600278 | 17411/ 9.9.16 |
| 9/16,10/16 | 5,800/- | 21600362 | 17442/ 2.11.16 |
| 11/16,12/16 | 5,800/- | 21600508 | 17492/ 10.1.17 |
| 1/17,2/17 | 22,238/- | 21600716 | 15063/16.3.17 |
| ആകെ | 62,138/- | | |

പ്രസ്തുതതുകകൾ സാക്ഷരതാമിഷനിൽനിന്നും റീക്കുപ്പ് ചെയ്തതിന്റെ വിവരങ്ങൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 11/11.8.17ന് മറുപടിയായി തുക ആവശ്യപ്പെട്ടു കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-8 ഓ.ഡി.എഫ്-തിരികെ ലഭിച്ചതുകകൾ തനതുഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടില്ല

ഓ.ഡി.എഫ് പദ്ധതിയ്ക്കായി ചെലവഴിച്ച തുകകൾ തിരികെ ലഭിച്ചപ്പോൾ കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. ചെലവഴിച്ച തുകയുടെ 67% തുക ശുചിത്വമിഷനിൽനിന്നും താഴെപ്പറയുംപ്രകാരമാണ് ലഭിച്ചിരിക്കുന്നത്.

| തീയതി | തുക |
|---|---|
| 31.03.2017 | 1,56,000/- |
| 31.03.2017 | 6,17,760/- |
| 31.03.2017 | 3,22,920/- |

പ്രസ്തുതതുകകൾ റ്റി.എസ്.സി. അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/9.8.2017-ന് മറുപടിയായി തനതുഫണ്ടിൽനിന്നുള്ള ചെലവായിരുന്നുവെന്നും പ്രസ്തുതതുക തിരികെ സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കിലേക്ക് റീക്കുപ്പുചെയ്ത് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപ്രകാരം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 2-9 തൊഴിൽനികുതി ഈടാക്കിയിയിട്ടില്ല

1) പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന യോഗക്ഷേമ ഹോസ്പിറ്റൽ, കെ.എസ്.ഇ.ബി, മുത്തൂറ്റ് ഫിൻകോർപ്പ് (വെളിയം) എന്നീ സ്ഥാപനങ്ങൾ 2016-17 രണ്ട് അർദ്ധവർഷത്തെയും സ്ഥാപനനികുതി ഒടുക്കിയിട്ടില്ല.

2) 2015-16ൽ തൊഴിൽനികുതി ഈടാക്കിയ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും 2016-17-ൽ തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല.

i) ജയമാതാ ഹോസ്പിറ്റൽ, ഓടനാവട്ടം

ii) ആലുവിള ബാങ്കേഴ്സ്, ഓടനാവട്ടം

iii) ടേസ്റ്റിനട്ട്സ്, പരുത്തിയറ

iv) വിജയലക്ഷ്മി കാഷ്യൂ, ഓടനാവട്ടം

v) യോഹന്നാൻ കാഷ്യൂ, ചെപ്ര

vi) ഇമ്മാനുവൽ കാഷ്യൂ, ചെപ്ര

3) പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും 2016-17 ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | പേര് | തസ്തിക | അർദ്ധ വർഷ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| വില്ലേജ് ഓഫീസ്, വെളിയം | ശ്രീമതി. രേഖ. ജി. വി | വി.എഫ്.എ | 147615/- | 1,000/- | 1,250/- | 250 |
| വില്ലേജ് ഓഫീസ്, ഓടനാവട്ടം | ശ്രീമതി. ശോശാമ്മ. കെ | പി.റ്റി.എസ് | 60390/- | 450/- | 600/- | 150/- |
| ആകെ | | | | | | 400 |

4) പഞ്ചായത്ത് കാര്യാലയത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി. സുറുമിയിൽനിന്നും 2016-17 ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. രണ്ടാം അർദ്ധവർഷത്തിൽ ടിയാളിൽനിന്ന് തൊഴിൽനികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽനികുതി അടയ്ക്കുമ്പോൾ സമർപ്പിക്കുന്ന പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള നിർദ്ദിഷ്ട ലിസ്റ്റ്,

2016-17 ഒന്നാം അർദ്ധവർഷത്തിൽ അപൂർണ്ണമായിട്ടാണ് സമർപ്പിച്ചിരിക്കുന്നത്.

5) പഞ്ചായത്ത് പരിധിയിലെ വെളിയം, ചെപ്ര, മുട്ടറ, വെളിയം പടിഞ്ഞാറ്റേക്കര, കുടവട്ടൂർ ക്ഷീരസഹകരണസംഘങ്ങളിൽനിന്ന് 2016-17 രണ്ട് അർദ്ധവർഷത്തെയും സ്ഥാപന നികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഒടുക്കിയിട്ടില്ല. രേഖകൾ പരിശോധിച്ചതിൽനിന്ന് നികുതി ഡിമാന്റ് ചെയ്തതായി കാണുന്നുമില്ല.

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റന്വേഷണം നൽകിയതിന് (നം.4/16-17 തീയതി.07.08.17), ക്രമ നം.1 ലെ സ്ഥാപനങ്ങളിൽനിന്ന് സ്ഥാപനനികുതിയും ക്രമ നം.2, 6 ലെ സ്ഥാപനങ്ങളിൽനിന്ന് സ്ഥാപനനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഒടുക്കുവരുത്തുന്നതിനുള്ള നോട്ടീസ് നല്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ക്രമ നം.2 ൽ പരാമർശിച്ചിരിക്കുന്ന ജയമാതാ ഹോസ്പിറ്റൽ, ടേസ്റ്റിനട്ട്സ് കാഷ്യൂ, വിജയലക്ഷ്മി കാഷ്യൂ വർഷങ്ങളായി പൂട്ടിക്കിടക്കുന്നവയാണെന്നുള്ള മറുപടി വിശ്വാസയോഗ്യമല്ലാത്തതായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽസ്ഥാപനങ്ങളിൽനിന്ന് 2015-16 ലെ രണ്ട് അർദ്ധവർഷ ത്തെയും സ്ഥാപനനികുതി ഒടുക്കിയതായി രേഖകളിൽനിന്ന് വ്യക്തമാണ്. ക്രമ നം. 3 പ്രകാരം കുറവുവന്ന 400/- (250+150) രൂപ ടി ജീവനക്കാരിൽനിന്ന് ഈടാക്കുന്നതിനുള്ള നോട്ടീസ് നല്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് കാര്യാലയത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി.സുറുമി 2016-17 രണ്ടാം അർദ്ധവർഷത്തിൽ 3 മാസം പ്രസവാവധിയിൽ ആയിരുന്നുവെന്നും തുക ടിയാളിൽനിന്ന് ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

മേൽ പരാമർശങ്ങൾ (1 മുതൽ 5 വരെ) പ്രകാരമുള്ള തുകകൾ ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 2-10 <u>രസീതുപരിശോധനയിൽ കണ്ട അപാകത</u>

വെളിയം ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് ശ്രീ.രാജീവിന് ഇഷ്യുചെയ്ത രസീതുബുക്ക് നം.12656 ലെ 31 മുതൽ 37 വരെ 40,41,46,48,58,61,62,63 രസീതുകൾപ്രകാരം കെട്ടിടനികുതി കുടിശ്ശിക ഈടാക്കിയതിൽ പിഴപലിശ ഈടാക്കിയിട്ടില്ല. കൂടാതെ 32-ാം രസീതുപ്രകാരം ഈടാക്കിയ 28 രൂപയിൽ 6 രൂപ കുറച്ച് 22/- രൂപയാണ് ഒടുക്കുവരുത്തിയിരിക്കുന്നത്. (രസീതു നം.117010101813). ഈ വിഷയം സംബന്ധിച്ച് ഓഡിറ്റന്വേഷണം നൽകിയതിനെതുടർന്ന് (നം.3/16-17തീയതി05.08.17) പിഴ പലിശയിനത്തിൽ ഈടാക്കാത്ത തുകയും കുറവുവന്ന തുകയും ചേർത്ത് ആകെ 707/- രൂപ 05.08.17ലെ 117010102266ാംനമ്പർ രസീതിൻപ്രകാരം ഒടുക്കുവരുത്തിയിട്ടുണ്ട്.അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-11 <u>ഇ-ടെണ്ടർ മുഖേനയുള്ള മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറംവില , വാറ്റ് തുക -ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല</u>

ഇ-ടെണ്ടർ ക്ഷണിച്ച മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറം വിലയായ 2,35,440/-രൂപ, വാറ്റ് ഇനത്തിൽ ലഭിച്ച 11,460/-രൂപ എന്നീ തുകകൾ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പാലിയേറ്റീവ്കെയർ പ്രോജക്ട്(ആശാകിരണം പദ്ധതി) -സാമ്പത്തിക ക്രമക്കേടുകൾ

പാലിയേറ്റിവ് കെയർ പ്രോജക്ട്

*2016-17 ലെ നഷ്ടം –19,410/-രൂപ

*2013-14 മുതൽ 2015-16 വരെ നഷ്ടം - 25,150/-രൂപ

ആശാകിരണം സംയുക്ത ബാങ്ക് അക്കൗണ്ട്

*2013 മുതൽ 2017 വരെ രസീതു വരവിലെ നഷ്ടം -8,720/-രൂപ

വെളിയം ഗ്രാമപഞ്ചായത്തിലെ സാന്ത്വനപരിചരണപരിപാടിയുടെ സുഗമമായപ്രവർത്തനം, നിരാലംബരായ വ്യക്തികൾക്ക് ഭക്ഷണവിതരണം, നിർധനരായ കാൻസർ രോഗികൾക്ക് അത്യാവശ്യഘട്ടത്തിൽ ധനസഹായം, പാലിയേറ്റീവ് കുടുംബങ്ങൾ, അനുബന്ധപ്രവർത്തകർ എന്നിവരുടെ ഓണാഘോഷത്തോടനുബന്ധിച്ചുള്ള പരിപാടികളുടെ സംഘാടനം, സ്കൂൾകുട്ടികൾക്ക് പഠനോപകരണവിതരണം തുടങ്ങിയ ചെലവുകൾ വഹിക്കുന്നതിന് ആശാകിരണം എന്ന പേരിൽ തനതായ പദ്ധതി ആരംഭിക്കുകയും, പാലിയേറ്റിവ് കെയർ റിവ്യൂ യോഗത്തിന്റെ 12.09.2012–ലെ തീരുമാനപ്രകാരം വെളിയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് (എസ്.ബി.ടി ഓടനാവട്ടംശാഖ-അക്കൗണ്ട്നം.67199806005 ) 30.12.2012-ന് ആരംഭിയ്ക്കുകയും ചെയ്തു. ഇതിനായി രസീതുകൾമുഖേന പൊതുജനങ്ങൾ, സ്കൂൾകുട്ടികൾ, സി.ഡി.എസ് യൂണിറ്റുകൾ , ജനപ്രതിനിധികൾ, വിവിധവകുപ്പുകളിലെ ജീവനക്കാർ മുതലായവരിൽനിന്നും ഗണ്യമായ സംഭാവനകൾ ലഭിച്ചുവരുന്നു.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2016-17–ൽ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് ഹോംകെയർപദ്ധതി (പ്രോജക്ട്നം.21/16-17)യുടെ ചെലവുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ, പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം, ടെലിഫോൺ അലവൻസ്, ഹോംകെയർ ടീമിന്റെ ഭക്ഷണചെലവ്, വാഹനവാടക, പ്രതിമാസയോഗത്തിന്റെ റിഫ്രഷ്മെന്റ് ചെലവുകൾ എന്നീയിനങ്ങളിൽ

പ്രോജക്ട്പ്രകാരം ചെലവഴിക്കപ്പെട്ട 2,85,450/-രൂപയും വികസനഫണ്ട്, ബ്ലോക്കു പഞ്ചായത്തുവിഹിതം എന്നിവയിൽനിന്നും മാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുതതുകയിൽ 2,84,110/രൂപ മേൽപ്പറഞ്ഞ ആശാകിരണത്തിനായുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽനിന്നും വീണ്ടും ചെക്കുകൾമുഖേന പിൻവലിച്ചിട്ടുണ്ട്.

പ്രോജക്ട് അംഗീകരിച്ച് പദ്ധതിനിർവ്വഹണം വൈകുന്നതിനാൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് തടസ്സംനേരിടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് സംയുക്ത ബാങ്ക് അക്കൗണ്ടിൽനിന്നും പ്രോജക്ടുപ്രകാരം അംഗീകരിച്ച പാലിയേറ്റീവ് ചെലവുകൾ നിർവ്വഹിച്ചു വരുന്നത്. എന്നാൽ ട്രഷറി ബില്ലുകൾമുഖേനയും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽനിന്നും അതേ ആവശ്യത്തിലേയ്ക്ക് പിൻവലിയ്ക്കുന്ന തുകകൾ, സംയുക്ത അക്കൗണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ് (റീക്രൂപ്പ്മെന്റ്). ഇതിൽ വീഴ്ച വരുത്തിയതിനാൽ തൻവർഷം 19,410/-രൂപയും 2013-14 മുതൽ 2015-16 വരെയുള്ള കാലയളവിൽ 25,150/-രൂപയും നഷ്ടമായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

<u>പ്രോജക്ടുകൾ,സംയുക്ത അക്കൗണ്ട്-പണം പിൻവലിയ്ക്കൽ ,റീക്രൂപ്പ്മെന്റ്-വിവരങ്ങൾ</u>

| വർഷം | പ്രോജക്ട് പ്രകാരം പിൻവലിച്ച തുകയുടെ വിവരങ്ങൾ | | | സംയുക്ത അക്കൗണ്ടിൽ നിന്നും പിൻ വലിച്ച തുക | | റീക്കൂപ്പ് ചെ യ്യേണ്ട തുക | റീ കൂപ്പ് ചെയ്ത തുക | ബാ ക്കി തുക (രൂപ) |
|---|---|---|---|---|---|---|---|---|
| | തുക | ഫണ്ടിനം | ഇനം | തുക | ഇനം | | | |
| 2013-14 | 31500/- | വികസന ഫണ്ട് | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം, ടെലിഫോൺ അലവൻസ്-4/13 -8/13 | 24,000 | പാലി യേറ്റീവ് നഴ്സിന്റെ ഹോണ റേറിയം-4/13 -7/13 | 49,200/- | - | 49,200/- |
| | 44100/- | ബ്ലോക്ക് വിഹിതം | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം, ടെലിഫോൺ അലവൻസ്-9/13 -3/14 | 25,200 | പാലി യേറ്റീവ് നഴ്സിന്റെ ഓണ റേറിയം , ടെലി ഫോൺ -9/13 -12/13 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 31500/- | വികസന ഫണ്ട് | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം, ടെലിഫോൺ അലവൻസ്- 4/14 -8/14 | 31,500 | പാലിയേറ്റീവ് നഴ്സിന്റെ ഓണ റേറിയം , ടെലി ഫോൺ – 4/14 -8/14 | | | |
| 2014-15 | 18900/-<br>33200 | വികസന ഫണ്ട്<br>ബ്ലോക്ക് വിഹിതം | പാലി യേറ്റീവ് നഴ്സിന്റെ ഓണ റേറിയം, ടെലി ഫോൺ അല വൻസ്- 9/14 – 11/14<br>പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം, ടെലിഫോൺ അലവൻസ്- 12/14 -3/15 | 18,900/-<br>33,200 | പാലി യേറ്റീവ് നഴ്സിന്റെ ഓണ റേറിയം , ടെലി ഫോൺ -9/14 – 11/14<br>പാലി യേറ്റീവ് നഴ്സിന്റെ ഓണ റേറിയം ,ടെലി ഫോൺ -12/14 -3/15 | 83,600 | - | 1,32,800 |
| 2015-16 | 51500 | വികസന ഫണ്ട് | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം, ടെലിഫോൺ അലവൻസ്-4/15 -8/15 | 51,500 | പാലി യേറ്റീവ് നഴ്സിന്റെ ഓണ റേറിയം, ടെലി ഫോൺ -4/15 – 8/15 | 1,23,600 | 107650<br>51,500 | 25,150/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 30900 | വികസന ഫണ്ട് | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം, ടെലിഫോൺ അലവൻസ്-9/15 -11/15 | 30,900 | പാലി യേറ്റീവ് നഴ്സിന്റെ ഓണ റേറിയം, ടെലി ഫോൺ -9/15 – 11/15 | | 30,900<br>41,200 | |
| | 41200 | ബ്ലോക്ക് വിഹിതം | പാലിയേറ്റീവ് നഴ്സിന്റെ ഓണ റേറിയം, ടെലി ഫോൺ അലവൻസ്- 12/15 – 03/16 | 41,200 | പാലി യേറ്റീവ് നഴ്സിന്റെ ഓണ റേറിയം, ടെലി ഫോൺ – 12/15 -3/16 | | | |
| 2016-17 | 169230<br>46800<br>69420 | വിക സന ഫണ്ട്<br>-ടി-<br>ബ്ലോക്ക് വിഹിതം | പാലി യേറ്റീവ് നഴ്സിന്റെ ഓണ റേറിയം, ടെലി ഫോൺ അലവൻസ്, വാഹന വാടക , ഭക്ഷണ ചെലവ്- 4/16 – 03/17 | 2,84,110/- | പാലി യേറ്റീവ് നഴ്സിന്റെ ഓണ റേറിയം, ടെലി ഫോൺ അലവൻസ്, വാഹന വാടക, ഭക്ഷണ ചെലവ്- 4/16 -03/17 | 2,84,110 | 49,000<br>48,000<br>48,000<br>23,000<br>46,800<br>49,900<br>2,64,700 | 19,410 |

2016-17-ൽ വികസനഫണ്ട്, ബ്ലോക്കുവിഹിതം എന്നിവപ്രകാരം ചെലവഴിക്കപ്പെട്ട തുക,സംയുക്ത അക്കൗണ്ടിൽനിന്നുള്ള പിൻവലിയ്ക്കൽ , തിരിച്ചടവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് പ്രകാരം പിൻവലിച്ച തുക | | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം, ടെലിഫോൺ അലവൻസ്, വാഹന വാടക , ഭക്ഷണ ചെലവ് | സംയുക്ത അക്കൗണ്ടിൽ നിന്നും പിൻ വലിച്ച തുക | റീക്കുപ്പ് ചെയ്യേണ്ട തുക | റീക്കുപ്പ് ചെയ്ത തുക |
|---|---|---|---|---|---|
| ബിൽ നം./ ചെക്ക് നം. തീയതി | തുക | | | | |
| 2/16-17/29.12.16 (വികസന ഫണ്ട്) | 17,400/- | 1,69,230/- | | | 49,000/- 48,000/- 48,000/- 23,000/- |
| 4/16-17/16.3.17 (വികസന ഫണ്ട്) | 2,76,000/- | 46,800/- | 2,84,110/ | 2,84,110/- | 46,800/- |
| ചെക്ക് നം.345111/21.11.16 | 1,81,850/- | 69,420/- | | | 49,900/- |
| | 6,31,850/- | 2,85,450/- | 2,84,110/- | 2,84,110/- | 2,64,700/- |

സംയുക്തഅക്കൗണ്ടിൽ അടവാക്കുവാൻ ശേഷിക്കുന്നതുക 19,410/രൂപ (2,84110-264700 /-)

ഓഡിറ്റ്‌വർഷം അപാകതകൾ കണ്ടെത്തിയതിനെത്തുടർന്ന് മുൻവർഷങ്ങളിലെ (2013-14 മുതൽ 2015-16 വരെ ) പാലിയേറ്റീവ് ചെലവുകളുടെ റീക്കുപ്പ്മെന്റ് സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ സാമ്പത്തികവർഷം തിരിച്ച് ചുവടെ രേഖപ്പെടുത്തുന്നു.

2013-2014

പാലിയേറ്റീവ് ഹോം കെയർ പ്രോജക്ട് നം.19/13-14

അടങ്കൽ തുക -6,00,000/-

ഫണ്ട് തരം -1,00,000/-(പൊതു വിഭാഗം)

-5,00,000(ബ്ലോക്ക് വിഹിതം)

ചെലവ് – 4,61,700/- രൂപ (1,00,000)

പൊതുവിഭാഗം +3,61,700/- ബ്ലോക്ക് വിഹിതം )

ബിൽ നം.1/30.09.2013 പ്രകാരം 79,000/-രൂപ (വികസനഫണ്ട്) പിൻവലിച്ചതിൽ പാലിയേറ്റീവ് ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ, അനുബന്ധരേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ക്യാഷ് ബുക്കിലെ രേഖപ്പെടുത്തൽപ്രകാരം 4/13 മുതൽ 8/13 വരെ പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം 30,000/-രൂപ (6,000*5 മാസം),1,500/-രൂപ(500*3)ടെലിഫോൺ ചാർജിനത്തിലും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ നഴ്സിന്റെ ഓണറേറിയം ഇനത്തിൽ സംയുക്ത ബാങ്ക് അക്കൗണ്ടിൽനിന്നും ആകെ 24,000/-രൂപ

ചുവടെചേർക്കും പ്രകാരം പിൻവലിച്ചിട്ടുണ്ട്.

| തീയതി | ചെക്ക് നം. | തുക (രൂപ) | ഇന വിവരം |
|---|---|---|---|
| 7.06.13 | 836250 | 12,000 | 4/13 ,5/13 മാസങ്ങളിലെ ഓണറേറിയം |
| 03.07.13 | 836252 | 6,000 | 6/13 ലെ ഓണറേറിയം |
| 5.08.13 | 836253 | 6,000 | 7/13 ലെ ഓണറേറിയം |
| | ആകെ തുക | 24,000/-രൂപ | |

3,61,700/-രൂ (ബ്ലോക്ക് വിഹിതം-ചെക്ക് നം.194997 /തീയതി 08.01.14 ) പിൻവലിച്ചതിൽ പാലിയേറ്റീവ് ചെലവുകൾ ഇപ്രകാരമാണ്.

| സബ് വൗച്ചർ നം. | തിയതി | ചെലവ് ഇനം | തുക (രൂപ) | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|
| 79<br>80 | 5.12.13<br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-11/13<br>ടെലിഫോൺ അലവൻസ്-11/13 | 6,000/-<br>300/- | 4.12.13 ലെ 836264 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 81<br>82 | 6.1.14<br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-12/13<br>ടെലിഫോൺ അലവൻസ്-12/13 | 6,000/-<br>300/- | 6.1.14 ലെ 836266 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 83<br>84 | 6.2.14<br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-1/14<br>ടെലിഫോൺ അലവൻസ്-1/14 | 6,000/-<br>300/- | സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 86<br><br>87 | തീയതി രേഖപ്പെടുത്തിയിട്ടില്ല<br><br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-2/14<br>ടെലിഫോൺ അലവൻസ്-2/14 | 6,000/-<br><br>300/- | സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകിയിട്ടില്ല |
| 126<br><br>127 | 10.10.13<br><br>5.11.13 | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-9/13<br><br>ടെലിഫോൺ അലവൻസ്-10/13 | 6,000/-<br><br>300/- | 10.10.13 ലെ 836259 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി<br><br>7.11.13 ലെ 836262 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 128<br><br>129 | 31.3.14<br><br>10.10.13 | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-3/14<br><br>ടെലിഫോൺ അലവൻസ്-9/13 | 6,000/-<br><br>300/- | സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകിയിട്ടില്ല<br><br>10.10.13 ലെ 836259നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 130<br><br>131 | 5.11.13<br><br>31.03.14 | പാലിയേറ്റീവ് നഴ്സിന്റെ ടെലിഫോൺ അലവൻസ്-10/13<br><br>പാലിയേറ്റീവ് നഴ്സിന്റെ | 300/- | 7.11.13 ലെ 836262നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |

| | | | | |
|---|---|---|---|---|
| | | ടെലിഫോൺ അലവൻസ്-3/14 | 300/- | സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകിയിട്ടില്ല |
| | | ആകെ ചെലവ് | 44,100/-രൂപ | സംയുക്ത അക്കൗണ്ടിലേയ്ക്ക് റീക്രൂപ്പ് ചെയ്യേണ്ട തുക-25,200/-രൂപ |

2013-14 വർഷത്തെ പ്രൊജക്ടുപ്രകാരം പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം,ടെലിഫോൺ ചാർജ് എന്നീ ഇനങ്ങളിൽ ചെലവ് 75,600/- രൂപയാണ്. (31,500/ + 44,100/- ) സംയുക്ത അക്കൗണ്ടിൽനിന്നും പ്രസ്തുത ഇനങ്ങളിൽ ചെക്ക്മുഖേന ചെലവഴിച്ചിട്ടുള്ളത് 49,200/- രൂപയാണ് (24,000+25,200 ). ആയത് റീക്രൂപ്പ് ചെയ്തിട്ടില്ല.

2014-2015

പാലിയേറ്റീവ് ഹോം കെയർ പ്രോജക്ട് നം.15/14-15

അടങ്കൽ തുക -5,30,000

ഫണ്ട് തരം -2,00,000/-(വികസന ഫണ്ട്)

-30,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

-3,00,000(ബ്ലോക്ക് വിഹിതം)

ചെലവ് തുക -5,07,011/-(30,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്+2,77,011 ബ്ലോക്ക് വിഹിതം +2,00,000 വികസന ഫണ്ട്)

ബിൽ നം. 2/14.10.2014 പ്രകാരം 1,00,000/-രൂ(വികസനഫണ്ട്)പിൻവലിച്ചതിൽ പാലിയേറ്റീവ് ചെലവുകൾ ഇപ്രകാരമാണ്.

| സബ് വൗച്ചർ നം. | തിയതി | ചെലവ് ഇനം | തുക(രൂപ) | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|
| 99 | 2.05.14 | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-4/14 | 6,000/- | 08.05.2014 ലെ 368197 നം.ചെക്ക് മുഖേന |

| | | | | |
|---|---|---|---|---|
| 100 | -ടി- | ടെലിഫോൺ അലവൻസ്-4/14 | 300/- | സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 101<br>102 | 3.6.14<br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-5/14<br>ടെലിഫോൺ അലവൻസ്-5/14 | 6,000/-<br>300/- | 5.6.14 ലെ 368199 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 103<br>104 | 5.7.14<br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-6/14<br>ടെലിഫോൺ അലവൻസ്-6/14 | 6,000/-<br>300/- | 1.7.14 ലെ 368200 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 105<br>106 | 5.8.14<br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-7/14<br>ടെലിഫോൺ അലവൻസ്-7/14 | 6,000/-<br>300/- | 8.8.14 ലെ 368205 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 107<br>108 | 5.9.14<br>5.9.14 | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-8/14<br>ടെലിഫോൺ അലവൻസ്-8/14 | 6,000/-<br>300/- | 5.9.14 ലെ 368206 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി<br>5.9.14 ലെ 368206 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| | | ആകെ ചെലവ് | 31,500/- | സംയുക്ത അക്കൗണ്ടിൽ നിന്നും റീക്കൂപ്പ് ചെയ്യേണ്ട തുക 31,500/-രൂപ |

ബിൽ നം. 2/15.10.15 പ്രകാരം 1,00,000/-രൂ ( വികസന ഫണ്ട്) പിൻവലിച്ചതിൽ പാലിയേറ്റീവ് ചെലവുകൾ ഇപ്രകാരമാണ്.

| സബ് വൗച്ചർ നം. | തിയതി | ചെലവ് ഇനം | തുക(രൂപ) | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|
| 6<br>7 | 11.10.14<br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-9/14<br>ടെലിഫോൺ അലവൻസ്-9/14 | 6,000/-<br>300/- | 10.10.2014 ലെ 368209 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽനിന്നും നൽകി |
| 9<br>10 | 5.11.14<br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-10/14<br>ടെലിഫോൺ അലവൻസ്-10/14 | 6,000/-<br>300/- | 5.11.14 ലെ 368211 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽനിന്നും നൽകി |
| 12<br>13 | 5.12.14<br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-11/14<br>ടെലിഫോൺ അലവൻസ്-11/14 | 6,000/-<br>300/- | 12.12.14 ലെ 368214 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽനിന്നും നൽകി |
| | | ആകെ ചെലവ് | 18,900/- | സംയുക്ത അക്കൗണ്ടിൽ നിന്നും റീക്കൂപ്പ് ചെയ്യേണ്ട തുക18,900/-രൂപ |

2,77,011/-രൂപ (ബ്ലോക്ക് വിഹിതം-ചെക്ക് നം.575910/5.12.14) പിൻവലിച്ചതിൽ പാലിയേറ്റീവ് ചെലവുകൾ ഇപ്രകാരമാണ്.

| സബ് വൗച്ചർ നം. | തിയതി | ചെലവ് ഇനം | തുക(രൂപ) | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|
| 103<br>104 | 8.1.15<br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-12/14<br>ടെലിഫോൺ അലവൻസ്-12/14 | 6,000/-<br>300 | 8.1.15 ലെ 368215 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 105<br>106 | 10.2.15<br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-1/15<br>ടെലിഫോൺ അലവൻസ്-1/15 | 6,000<br>300 | 10.2.15 ലെ 187050 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |

| | | | | |
|---|---|---|---|---|
| | | | | |
| 107<br><br>108 | 5.3.15<br><br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-2/15 ടെലിഫോൺ അലവൻസ്-2/15 | 10,000<br><br>300 | 3.3.15 ലെ 187052 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽനിന്നും നൽകി |
| 109<br><br>110 | 31.3.15<br><br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-3/15 ടെലിഫോൺ അലവൻസ്-3/15 | 10,000<br><br>300 | 3.3.15 ലെ 187054 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽനിന്നും നൽകി |
| | | ആകെ ചെലവ് | 33,200 | സംയുക്ത അക്കൗണ്ടിൽ നിന്നും റീക്കുപ്പ് ചെയ്യേണ്ട തുക33,200/-രൂപ |

2014-15 വർഷത്തെ പ്രൊജക്ട്പ്രകാരം പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം, ടെലിഫോൺ ചാർജ് എന്നീ ഇനങ്ങളിൽ ചെലവ് 83,600/- രൂപയാണ്.(31,500/-രൂപ +18,900/-രൂപ + 33,200 /-രൂപ ) . സംയുക്തഅക്കൗണ്ടിൽനിന്നും പ്രസ്തുത ഇനങ്ങളിൽ ചെക്ക് മുഖേന ചെലവഴിച്ചിട്ടുള്ളത് 49,200/-(24,000+25,200)രൂപയാണ്. ആയത് റീക്കുപ്പ് ചെയ്തിട്ടില്ല.

<u>2015-2016</u>

പാലിയേറ്റീവ് ഹോംകെയർ പ്രോജക്ട് നം.21/15-16

അടങ്കൽ തുക – 7,00,000/-

ഫണ്ട് തരം – 3,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

- 3,00,000/-(ബ്ലോക്ക് വിഹിതം)

- 1,00,000/-(മെയിന്റനൻസ് ഫണ്ട്-റോഡ് ഇതരം)

ചെലവ് തുക -6,30,334/-(2,30,334/- ധനകാര്യ കമ്മീഷൻഗ്രാന്റ് +3,00,000/- ബ്ലോക്ക് വിഹിതം +1,00,000/-മെയിന്റനൻസ് ഫണ്ട്-റോഡിതരം

ബിൽ നം.2/25.8.15 പ്രകാരം 1,13,500/-രൂപ (വികസനഫണ്ട്) പിൻവലിച്ചതിൽ പാലിയേറ്റീവ് ചെലവുകൾ ഇപ്രകാരമാണ്.

| സബ് വൗച്ചർ നം. | തിയതി | ചെലവ് ഇനം | തുക (രൂപ) | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|
| 21 | 5.5.15 | പാലിയേറ്റീവ് നഴ്സിന്റെ | 10,000/- | |

| | | | | |
|---|---|---|---|---|
| 22 | -ടി- | ഓണറേറിയം-4/15<br><br>ടെലിഫോൺ അലവൻസ്-4/15 | 300/- | 8.5.15 ലെ 187055 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 46<br><br>47 | 7.6.15<br><br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-5/15 ടെലിഫോൺ അലവൻസ്-5/15 | 10,000/-<br><br>300/- | 5.6.15 ലെ 187058 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 71<br><br>72 | 5.7.15<br><br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-6/15 ടെലിഫോൺ അലവൻസ്-6/15 | 10,000/-<br><br>300 | 6.7.15 ലെ 187060 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 98<br><br>99 | 5.8.15<br><br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഹോഓണറേറിയം-7/15 ടെലിഫോൺ അലവൻസ്-7/15 | 10,000/-<br><br>300/- | 6.8.15 ലെ 187061 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 123/127<br><br>124/128 | 22.8.15<br><br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-8/15 ടെലിഫോൺ അലവൻസ്-8/15 | 10,000/-<br><br>300/- | 28.8.15 ലെ 187063 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| | | ആകെ ചെലവ് | 51,500/- | സംയുക്ത അക്കൗണ്ടിൽ നിന്നും റീക്ലപ്പ് ചെയ്യേണ്ട തുക51,500/- |

ബിൽ നം.4/19.12.15 പ്രകാരം 1,16,834/-രൂ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) പിൻവലിച്ചതിൽ പാലിയേറ്റീവ് ചെലവുകൾ ഇപ്രകാരമാണ്.

| സബ് വൗച്ചർ നം. | തിയതി | ചെലവ് ഇനം | തുക (രൂപ) | അഭിപ്രായ ക്കുറിപ്പ് |
|---|---|---|---|---|
| 25<br><br>26 | 2.9.15<br><br>2.11.15 | ടെലിഫോൺ അലവൻസ്-9/15<br><br>പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-9/15 | 300/-<br><br>10,000/- | 7.10.15 ലെ 187065 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 51<br><br>52 | 31.10.15<br><br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-10/15 ടെലിഫോൺ അലവൻസ്-10/15 | 10,000/-<br><br>300/- | 9.11.15 ലെ 825598 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 77<br><br>78 | 6.12.15<br><br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-11/15 ടെലിഫോൺ അലവൻസ്-11/15 | 10,000/-<br><br>300/- | 7.12.15 ലെ 825599 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| | | ആകെ ചെലവ് | 30,900/- | സംയുക്ത അക്കൗണ്ടിൽ നിന്നും റിക്കവറി ചെയ്യേണ്ട തുക 30,900/-രൂപ |

3,00,000/-രൂ (ബ്ലോക്ക് വിഹിതം-ചെക്ക് നം.4819471/30.03.16) പിൻവലിച്ചതിൽ പാലിയേറ്റീവ് ചെലവുകൾ ഇപ്രകാരമാണ്.

| സബ് വൗച്ചർ നം. | തിയതി | ചെലവ് ഇനം | തുക(രൂപ) | അഭിപ്രായ ക്കുറിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 25<br><br>26 | 4.1.16<br><br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-12/15<br><br>ടെലിഫോൺ അലവൻസ്-12/15 | 10,000/-<br><br>300/- | 6.1.16 ലെ 825601 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 52<br><br>53 | 5.2.16<br><br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-1/16 ടെലിഫോൺ അലവൻസ്-1/16 | 10,000/-<br><br>300/- | 1.2.16 ലെ 825604 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 79<br><br>80 | 3.3.16<br><br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-2/16 ടെലിഫോൺ അലവൻസ്-2/16 | 10,000/-<br><br>300/- | 3.3.16 ലെ 825606 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| 106<br><br>107 | 4.4.16<br><br>-ടി- | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം-3/16 ടെലിഫോൺ അലവൻസ്-3/16 | 10,000/-<br><br>300/- | 2.4.16 ലെ 825610 നം.ചെക്ക് മുഖേന സംയുക്ത ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകി |
| | | ആകെ ചെലവ് | 41,200/-രൂപ | സംയുക്ത അക്കൗണ്ടിൽ നിന്നും റീക്രൂപ്പ് ചെയ്യേണ്ട തുക 41,200/-രൂപ |

2015-16 വർഷത്തെ പ്രോജക്ടുപ്രകാരം പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം,

ടെലിഫോൺചാർജ് എന്നീ ഇനങ്ങളിൽ ചെലവ് 1,23,600/- രൂപയാണ്. (51,500+30,900+41,200) സംയുക്തഅക്കൗണ്ടിൽനിന്നും പ്രസ്തുത ഇനങ്ങളിൽ ചെക്ക് മുഖേന ചെലവഴിച്ചിട്ടുള്ളത് 1,23,600/-രൂപയാണ്. അതിൽ 25,150/- രൂപ റീക്രൂപ്പ് ചെയ്തിട്ടില്ല.

2013-14, 2014-15, 2015-16 വർഷങ്ങളിലായി സംയുക്ത അക്കൗണ്ടിലേയ്ക്ക് റീക്രൂപ്പ്ചെയ്യേണ്ടത് 2,56,400/-രൂപയായിരുന്നു(49,200+83,600+123600). ആയതിൽനിന്നും 2,31,250/-രൂപ മാത്രമാണ് റീക്രൂപ്പ് ചെയ്തിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

23.06.15 ൽ സംയുക്ത അക്കൗണ്ടിൽ ഒടുക്കിയ ആകെതുക 1,27,125/-രൂപ(1900+ 125,225)

രസീതുപ്രകാരമുള്ള വരവിനങ്ങളിൽ ഒടുക്കിയ തുക- 19,475/-രൂപ (1900+17575)
23.06.15 ൽ റീക്രൂപ്പ്മെന്റ് ഇനത്തിൽ ഒടുക്കിയ തുക – 1,07,650/-രൂപ
18.11.15 ൽ റീക്രൂപ്പ്മെന്റ് ഇനത്തിൽ ഒടുക്കിയ തുക – 51,500/-രൂപ
13.1.16 ൽ റീക്രൂപ്പ്മെന്റ് ഇനത്തിൽ ഒടുക്കിയ തുക – 30,900/-രൂപ
5.4.16 ൽ റീക്രൂപ്പ്മെന്റ് ഇനത്തിൽ ഒടുക്കിയ തുക – 41,200/-രൂപ

റീക്രൂപ്പ്മെന്റ് ഇനത്തിൽ ആകെ ഒടുക്കിയ തുക – 2,31,250/-രൂപ

സംയുക്ത അക്കൗണ്ടിൽ അടവാക്കാനായി ശേഷിക്കുന്ന തുക -25,150/-രൂപ. (2,56,400-2,31,250)

ആശാകിരണം സംയുക്തബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രസീത് ബുക്കുകൾ, ചെക്കിന്റെ കൗണ്ടർഫോയിലുകൾ, ബാങ്ക്പാസ്സ്ബുക്ക്, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിൽ കണ്ടെത്തിയ ഗുരുതരമായ ഇതരക്രമക്കേടുകൾ ചുവടെ രേഖപ്പെടുത്തുന്നു.

1.രസീതുകൾ പ്രിന്റ് ചെയ്തതിന് കൃത്യമായ രേഖകളില്ല,സ്റ്റോക്ക് രജിസ്റ്റർ ഇല്ല.

പൊതുജനസംഭാവനകൾ സ്വീകരിക്കുന്നതിന് അച്ചടിച്ച രസിതുബുക്കുകൾ എത്ര എണ്ണം

പ്രിന്റ്ചെയ്തുവെന്നതിന് രേഖകളില്ല. രസീതുബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ കൈപ്പറ്റിയ ആകെ എണ്ണം, ഉപയോഗം, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ബോധ്യപ്പെടുന്നില്ല. ഹാജരാക്കിയ രസീതുബുക്കുകൾ ഇപ്രകാരമാണ്.

a)ബുക്ക് നം.1 മുതൽ 12 വരെ –രസീത് നം.1 മുതൽ 600 വരെ

(21.12.2012 മുതൽ 19.10.2016 വരെ ഉപയോഗിച്ചു)

b) ബുക്ക് നം.1 മുതൽ 8 വരെ –രസീത് നം.1 മുതൽ 800 വരെ ( 54 നം. രസീത്

(19.07.2017 ) വരെ ഉപയോഗിച്ചു).ടി രസീതുകൾക്ക് കാർബൺ കോപ്പി ഇല്ലായെന്ന ന്യൂനതയുണ്ട്.

2.രസീത് മുഖേന വരവ് വന്ന തുകകൾ കൃത്യമായി സംയുക്ത ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയില്ല . താൽക്കാലിക പണാപഹരണം നടത്തി.

ബാങ്ക് അക്കൗണ്ട് പാസ്ബുക്ക് പരിശോധിച്ചതിൽ 22.12.2012 മുതൽ അക്കൗണ്ടിൽ വരവ് തുകകൾ നിക്ഷേപിച്ചതായി കാണുന്നു. എന്നാൽ വിവിധ രസീതുകൾ പ്രകാരം കൈപ്പറ്റിയ തുകകൾ അന്നേദിവസമോ, തൊട്ടടുത്ത പ്രവൃത്തിദിവസമോ ബാങ്കിൽ നിക്ഷേപിക്കാതെ ദിവസങ്ങളും, മാസങ്ങളും കഴിഞ്ഞ് ഒടുക്കുവരുത്തിയിട്ടുള്ളതിനാൽ താൽക്കാലിക പണാപഹരണം നടത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു.വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

| തീയതി | രസീത് നം. | ആകെ തുക | ബാങ്കിൽ ഒടുക്കിയ തീയതി |
|---|---|---|---|
| 30.11.2013 | 43-72 | 26,542 | 31.01.2013 |
| 13.02.2013 | 88-90 | 1,860 | 05.03.2013 |
| 03.06.2013 | 178-181 | 2,050 | 12.07.2013 |
| 15.07.2013 | 182-227 | 38,440 | 03.09.2013 |
| 14.08.2013 | 228-247 | 22,050 | 24.08.2013 |
| 11.10.2013 | 252-269 | 21,145 | 13.02.2014 |
| 21.11.2013 | 270-284 | 13,535 | 10.03.2014 |
| 23.12.2013 | 285 | 500 | -ടി- |
| 12.02.2014 | 286-299 | 15,160 | 09.02.2015 |
| 07.03.2014 | 300 | 50,000 | 12.03.2014 |
| 13.03.2014 | 351-355 | 2,850 | 08.10.2014 |
| 25.04.2014 | 356 | 1,000 | 08.10.2014 |
| 28.05.2014 | 357-360 | 2,500 | 09.03.2015 |

| | | | |
|---|---|---|---|
| 25.06.2014 | 361 | 1,000 | -ടി- |
| 23.07.2014 | 362-365 | 5,952 | -ടി- |
| 05.09.2014 | 383-396 | 3,200 | 12.03.2015 |
| 30.09.2014 | 397 | 3,200 | 12.03.2015 |
| 25.10.2014 | 398-399 | 25,465 | 10.04.2015 |
| 18.12.2014 | 400-406 | 9,700 | -ടി- |
| 29.01.2015 | 407-409 | 2,700 | -ടി- |
| 11.03.2015 | 410-415 | 10,400 | 03.06.2015 |
| 06.05.15 | 416-418 | 3,900 | 2,000-03.06.15<br>1,900-23.06.15 |
| 30.06.15 | 428-431 | 2,300 | 13.10.2015 |
| 15.07.2015 | 432-443 | 9,460 | -ടി- |
| 22.07.2015 | 444 | 3,200 | 13.10.2015 |
| 10.08.2015-28.08.15 | 445-471 | 1,350 | 13.10.2015 |
| 09.10.2015 | 449-471 | 54,570 | 14.10.2015 |
| 09.12.2015 | 473 | 7,010 | 23.12.2015 |
| 04.01.16 | 474 | 5,000 | 13.01.2016 |
| 20.01.16 | 475-487 | 23,324 | 07.05.2016 |
| 17.02.16 | 488 | 1,440 | -ടി- |
| 29.03.16 | 489 | 5,000 | -ടി- |

| | | | |
|---|---|---|---|
| 02.04.16 | 490-502 | 17,540 | 23.05.16 |
| 07.05.16 | 503 | 5,000 | 23.05.16 |

3. രസീതുമുഖേന വരവുവന്ന തുകകൾ സംയുക്ത ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയില്ല- 8,720/- രൂപയുടെ പണാപഹരണം.

വിവിധ രസീതുകൾപ്രകാരം കൈപ്പറ്റിയ തുകകൾ, അക്കൗണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല. അതിനാൽ താഴെ രേഖപ്പെടുത്തിയ തീയതികളിലെ വരവുതുകകൾ അപഹരിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

| തീയതി | രസീത് നം. | ആകെ തുക | ബാങ്കിൽ ഒടുക്കിയ തുക | തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|
| 15.04.2013 | 121-155 | 30,565 | 30,165 | 16.04.13 | 400/-രൂപ കുറവ് |
| 10.09.2013 | 249-346 | 25,335 | 18,665/- | 17.12.13 | 6,670/-രൂപ കുറവ് |
| 25.08.14 | 366-382 | 18,000 | 17,000/- | 12.03.15 | 1,000/-രൂപ കുറവ് |
| 18.11.15 | 472 | 200 | - | - | 200/-രൂപ കുറവ് |
| 19.07.16 | 545 | 200 | - | - | 200/-രൂപ കുറവ് |
| 13.02.17 | 20 | 250 | - | - | 250/-രൂപ കുറവ് |
| | | | | ആകെ | 8,720/-രൂപ |

4.രസീതുകളിലെ മറ്റ് അപാകതകൾ

രസീത് നം.248/07.09.13-ന്റെ ഡ്യൂപ്ലിക്കേറ്റുപ്രകാരം വരവുതുക രേഖപ്പെടുത്തിയിട്ടില്ലായെങ്കിലും,തുക നൽകിയ വ്യക്തിയുടെ വിശദാംശം രേഖപ്പെടുത്തേണ്ടസ്ഥാനത്ത് എ.ഡി.എസ് സെക്രട്ടറി, മുട്ടറ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കളക്ഷൻരജിസ്റ്ററിൽ പ്രസ്തുത രസീതുനമ്പരിനുനേരെ 'നിൽ' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.രസീത് നം.30 ക്യാൻസൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അസൽ രസീത് ഹാജരാക്കിയിട്ടില്ല.

5. ചെക്കുകളുടെ കൗണ്ടർഫോയിൽ ഹാജരാക്കിയില്ല

സംയുക്തഅക്കൗണ്ടിൽനിന്നും തുകകൾ പിൻവലിയ്ക്കുന്നതിന് ഉപയോഗിച്ച താഴെ രേഖപ്പെടുത്തിയ ചെക്കുകളുടെ കൗണ്ടർഫൊയിലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ | ചെക്ക് | തീയതി | പിൻവലിച്ച |
|---|---|---|---|

| നം. | നം. | | തുക(രൂപ) |
|---|---|---|---|
| 1. | 836246 | 31.01.13 | 650/- |
| 2. | 836247 | 15.04.13 | 9,300/- |
| 3. | 836248 | 13.05.13 | 9,000/- |
| 4. | 836249 | 21.6.13 | 9,300/- |
| 5. | 836250 | 07.6.13 | 12,000/- |
| 6. | 836251 | 05.7.13 | 8,640/- |
| 7. | 836252 | 03.7.13 | 6,000/- |
| 8. | 836253 | 05.08.13 | 6,000/- |
| 9. | 836254 | 08.08.13 | 9,300/- |
| 10. | 836255 | 09.09.13 | 8,370/- |
| 11. | 836256 | 04.09.13 | 7,500/- |
| 12. | 836257 | 20.09.13 | 5,200/- |
| 13. | 836258 | 10.10.13 | 7,830/- |
| 14. | 836259 | 10.10.13 | 6,300/- |
| 15. | 836260 | ക്യാൻസൽ ചെയ്ത ചെക്ക് ഹാജരാക്കിയില്ല | |
| 16. | 836261 | 8.11.13 | 8,370/- |
| 17. | 836262 | 7.11.13 | 6,300/- |
| 18. | 836263 | 9.12.13 | 8,400/- |
| 19. | 836264 | 4.12.13 | 6,300/- |
| 20. | 836265 | 16.01.14 | 8,680/- |

| | | | |
|---|---|---|---|
| 21. | 836266 | 06.01.14 | 6,300/- |
| 22. | 836267 | 07.02.14 | 8,470/- |
| 23. | 836268 | ക്യാൻസൽ ചെയ്ത ചെക്ക് ഹാജരാക്കിയില്ല | |
| 24. | 836269 | 06.03.14 | 7,780/- |
| 25. | 836270 | 11.04.14 | 8,680/- |

6.സംയുക്ത അക്കൗണ്ടിന്റെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

സംയുക്ത അക്കൗണ്ടിന്റെ വരവുചെലവുകണക്കുകൾക്കായി ക്യാഷ്ബുക്ക് ,വൗച്ചറുകൾ, ചെക്ക് ഇഷ്യൂ രജിസ്റ്റർ /പെമെന്റ് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.രസീതുകളുടെ വരവ് രേഖപ്പെടുത്തുന്ന കളക്ഷൻ രജിസ്റ്റർമാത്രമാണ് പരിപാലിച്ചുവരുന്നത്.അതിൽതന്നെ മേലധികാരികൾ സാക്ഷ്യപ്പെടുത്തൽ നടത്തിയതായി കാണുന്നില്ല.

മേൽവിവരിച്ച അപാകതകൾ 2013 മുതൽ 2017 വരെ തുടർന്നുവന്നതിന് മേൽനോട്ട ചുമതലവഹിച്ച മെഡിക്കൽ ഓഫീസർമാർ ഉത്തരവാദികളാണ് (ഡോ.ജ്യോതിലാൽ -1.4.2012 മുതൽ 14.06.2015വരെ, ഡോ.ദിവ്യശശി-15.06.2015 മുതൽ 31.03.2017 വരെ). 2013-14, 2014-15 വർഷങ്ങളിലെ പാലിയേറ്റിവ്കെയർ പ്രോജക്ട് തുകകൾ 23.06.2015 വരെ ഒടുക്കുവരുത്താതിരുന്നതിന് , ചുമതലപ്പെട്ട ശ്രീ.വിജയമോഹനൻപിള്ള ഡി., സീനിയർ ക്ലാർക്കിനെതിരെ നടപടി സ്വീകരിക്കാതിരുന്നത് മെഡിക്കൽ ഓഫീസറുടെ ഗുരുതരമായ വീഴ്ചയാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/10.08.2017 ) ലഭിച്ച മറുപടിയിൽ വീഴ്ച്ചകൾ ശ്രദ്ധയിൽപെട്ടുവെന്നും, മേലധികാരികളുടെ നിർദ്ദേശങ്ങൾപാലിച്ചുകൊണ്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നതായും നഷ്ടതുകകൾ ഉത്തരവാദികളായവരിൽനിന്നും ഈടാക്കുന്നതാ ണെന്നും അറിയിച്ചു.

ടി വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തുന്നതിനും ഉത്തരവാദികളായവരിൽനിന്നും നഷ്ടതുകകൾ ഈടാക്കുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും അടിയന്തിരനടപടികൾ ഭരണവകുപ്പ് സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

## **3-2** പാലിന് സബ്സിഡി-ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകിയില്ല-ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് തുക അക്കൗണ്ടിൽ ഒടുക്കി

2016-17 സാമ്പത്തികവർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ടുപ്രകാരം ചെലവഴിച്ച തുകകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടില്ല. വെളിയം പടിഞ്ഞാറ്റിൻകര ക്ഷീരസഹകരണസംഘത്തിന് നൽകിയ തുകകൾ ഓഡിറ്റ് തീയതിവരെയും സബ്സിഡിയായി ബാങ്ക് അക്കൗണ്ടിൽ നൽകിയില്ല. ടി ക്ഷീരസഹകരണസംഘത്തിന് തുകകൾ നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ,ചെക്ക് നമ്പർ, തീയതി | നൽകിയ തുകകൾ |
|---|---|
| 3/16-17/28-3-2017 | 28,455/- |
| 1356598,28-3-2017 | 1,35,754/- |
| ആകെ | 1,64,209/- |

പ്രസ്തുതതുകകൾ ഡയറി ഫാം ഇൻസ്ട്രക്ടർ ക്ഷീരസഹകരണസംഘത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തുവെങ്കിലും ആയത് ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നൽകാതെ പിൻവലിച്ച് ചെലവഴിക്കുകയായിരുന്നു. സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതിന്റെ രേഖകൾ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/7-8-2017-നെ തുടർന്ന് തുക താഴെപ്പറയുംപ്രകാരം സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകി.

| തീയതി | നിക്ഷേപിച്ച തുക |
|---|---|
| 7-8-2017 | 1,27,444/- |
| 7-8-2017 | 30,000/- |
| 8-8-2017 | 6,765/- |

| | |
|---|---|
| ആകെ | 1,64,209/- |

28.3.2017-ൽതന്നെ എല്ലാ ക്ഷീരസഹകരണസംഘങ്ങൾക്കും തുക നൽകിയെങ്കിലും പ്രസ്തുതതുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റുചെയ്തു നൽകിയത് 2017 ജൂൺ മാസത്തിനുശേഷമാണ്. ആയത് ജില്ലാപഞ്ചായത്തിൽനിന്നുള്ള പ്രോജക്ട് സബ്സിഡി ലഭ്യമാകാൻ താമസിച്ചതിനാലാണെന്ന് അറിയിച്ചിട്ടുണ്ട്. മുട്ടറ ക്ഷീരസഹകരണസംഘത്തിലെ രണ്ടു ഗുണഭോക്താക്കൾക്കായി നൽകിയ സബ്സിഡി തുകകളിൽ രൂ 2,103/-(രാധാകൃഷ്ണൻ,),രൂ.2,854/-(രാജേന്ദ്രൻ)എന്നീ തുകകൾ അക്കൗണ്ട് നമ്പർ തെറ്റായതിനാൽ തിരികെ സംഘത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയത് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കി ക്രെഡിറ്റുചെയ്ത് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈയിനത്തിൽതന്നെ ജില്ലാപഞ്ചായത്തിൽനിന്നും ലഭ്യമായിരിക്കുന്ന തുകകൾ സബ്സിഡി തുക നൽകിയതിനുശേഷം അക്കൗണ്ടിൽ ബാക്കിനിൽക്കുന്നു. ആയത് തിരികെ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-3 <u>മാർഗ്ഗരേഖകൾക്കു വിരുദ്ധമായി പവർ ടില്ലർ പാടശേഖരസമിതിയ്ക്ക് വാങ്ങിനൽകിയത്</u>

കൃഷിഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പവർ ടില്ലറും അനുബന്ധഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 80/16-17)ബിൽ നമ്പർ VLMPT1/16-17/3-2-2017 പ്രകാരം 1,04,000/- രൂപ പിൻവലിച്ച് കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്(ഡി.ഡി. നമ്പർ 677093/2-2-2017). കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 28-1-2017 തീയതിയിലെ Q-359/16-17 -ാം നമ്പർ ഇൻവോയ്സ്പ്രകാരമാണ് പ്രസ്തുത തുക മാറി നൽകിയിരിക്കുന്നത്. എന്നാൽ പ്രസ്തുത ഇൻവോയ്സ്പ്രകാരം മുട്ടറ അവിഞ്ഞിയിൽ പാടശേഖരസമിതിയ്ക്കാണ് പവർടില്ലർ നൽകിയിരിക്കുന്നത്. ആയത് പാടശേഖര സമിതിയുടെപേരിൽ രജിസ്റ്റർ ചെയ്യുന്നതിനായി കൃഷി ഓഫീസർ കത്ത് നൽകിയിട്ടുണ്ട്. ആയത് പ്രകാരം പാടശേഖരസമിതിയുടെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് എൻക്വയറി നമ്പർ 1/4-8-2017 ന് മറുപടിയായി ഹാജരാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഉത്തരവുനമ്പർ 4/2016 തീയതി 11-01-2016 പ്രകാരം പഞ്ചായത്ത് വികസനഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന ഉപകരണങ്ങൾ കൃഷി ഓഫീസറുടെ പേരിൽ വാങ്ങി കരാർവച്ച് പാടശേഖരസമിതിക്ക് നൽകുകയാണ് ചെയ്യേണ്ടത്. എന്നാൽ ആയതിനുപകരം പാടശേഖരസമിതി വാങ്ങിയ പവർടില്ലറിന് തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. പാടശേഖരസമിതിയുമായി കരാർവച്ചതിന്റെ രേഖകളും വാടക ഈടാക്കിയതിന്റെയും ചെലവിന്റെയും കണക്കുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

ആയതിനാൽ ഈയിനത്തിൽ ചെലവായ തുക (1,04,000/- രൂപ)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

കൃഷി ഓഫീസർ മറ്റു പാടശേഖരസമിതികൾക്ക് നൽകിയ ഉപകരണങ്ങളുടെ വിവരങ്ങൾ, ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്നിവ അറിയിക്കേണ്ടതാണ്. ആയവയുടെ വരവ് ചെലവുകണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നതിന് മറുപടി ലഭ്യമാക്കുകയോ, കണക്കുകളും രേഖകളും ഹാജരാക്കുകയോ ചെയ്തില്ല.

## 3-4 <u>തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി കരാറുകാർ മുഖേന നടപ്പിലാക്കുന്നു, ഒപ്പം തൊഴിൽകൂലി ക്രമരഹിതമായി കെ.എസ്.ഇ.ബി.യ്ക്കും നൽകുന്നു.</u>

തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള തൊഴിൽകൂലി ഉൾപ്പെടെയുള്ള തുക കെ.എസ്.ഇ.ബി-യിൽ ഒടുക്കുകയും എന്നാൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സ്വകാര്യവ്യക്തികളെ ഏൽപ്പിച്ച് തൊഴിൽകൂലി നൽകുകയും ചെയ്യുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വർഷങ്ങളായി ഗണനിയമായ തുക നഷ്ടമാവുന്നു.

ഗ്രാമപഞ്ചായത്തുസെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2016-17-ൽ നടപ്പിലാക്കിയ തെരുവുവിളക്കുകളുടെ പരിപാലനം(പ്രോ.നം9/17) എന്ന പ്രോജക്റ്റുപ്രകാരം തെരുവുവിളക്കുകൾ മാറ്റിസ്ഥാപിയ്ക്കുന്നതിനായി തനതുഫണ്ടിൽനിന്നും 2,46,450/-രൂപ സ്വകാര്യകരാറുകാർക്ക് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം./ പേര് | പ്രവൃത്തി ചെയ്ത ദിനങ്ങൾ | | ഫിറ്റിംഗ് ചാർജായ നൽകിയ തുക | ബിൽ നമ്പർ /തീയതി | തുക കൈപ്പറ്റിയ വ്യക്തികൾ |
|---|---|---|---|---|---|
| | മാസം | ദിവസം | | | |
| തെരുവ് വിളക്കുകളുടെ പരിപാലനം (പ്രോ.നം.9/17) | 25.1.17 മുതൽ 18.3.17 വരെ | 40 | 1,50,450/-<br>96,000/- (വണ്ടി വാടക) | 47/31.03.2017 | ശ്രീ.തുളസീധരൻപിള്ള, വിജയഭവൻ, മാറനാട് |

| | | |
|---|---|---|
| | | |

തെരുവുവിളക്കുകൾക്ക് ആവശ്യമായ ബൾബ്,ട്യൂബ്, ചോക്ക്, ഹോൾഡർ, സ്റ്റാർട്ടർ മുതലായവ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാങ്ങിനൽകുന്ന സാഹചര്യത്തിൽ തെരുവു വിളക്കുകൾസ്ഥാപിക്കുക, അറ്റകുറ്റപണികൾനടത്തുക തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഊർജവകുപ്പ് 22.3.1997 ൽ പുറപ്പെടുവിച്ച സ.ഉ (എം.എസ്)നം.13/97 /പി.ഡി ഉത്തരവിന്റെ തുടർച്ചയായി തെരുവുവിളക്കുകൾക്കുള്ള താരിഫ് നിശ്ചയിച്ചുകൊണ്ട് കെ.എസ്.ഇ.ബി. പുറപ്പെടുവിച്ച 12/1/98 ലെ ജി.ഒ (നം) 106/98/ (പ്ലാനിംഗ് കൊമേഴ്സ്യൽ 3515/98) ഉത്തരവിൽ തെരുവുവിളക്കുകൾക്കുള്ള എനർജിചാർജ്, വൈദ്യുതിലൈൻ പരിപാലനചെലവ്, കണക്ടിംഗ് വയർ, തെരുവുവിളക്കുകൾ മാറ്റിയിടൽ ചെലവ്, തെരുവുവിളക്കുകൾ പുതുതായി സ്ഥാപിക്കുന്നതിനുള്ള തൊഴിൽചെലവ് മുതലായവ താരിഫിൽ ഉൾപ്പെടുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം നിശ്ചയിച്ച നിരക്കുകൾക്ക് കാലകാലങ്ങളിൽ വർദ്ധനവുവരുത്തി കെ.എസ്.ഇ.ബി. ഈടാക്കിക്കൊണ്ടിരിക്കുന്നു. തെരുവുവിളക്കുകൾ മാറ്റിയിടൽ ചെലവ് ഉൾപ്പെടെ താരിഫിൽ ഉൾചേർന്നിരിക്കുന്നതായി വ്യക്തമാക്കിയിരുന്ന ഒരു ഘടകവും പുതുക്കിയനിരക്ക് നിർണയത്തിൽ ഒഴിവാക്കിയിട്ടില്ല. പുതുക്കിയനിരക്ക് അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തുപരിധിയിലുള്ള തെരുവുവിളക്കുകൾക്കുള്ള താരിഫ് പ്രതിമാസം 1,56,157/- രൂപയെന്ന് കണക്കാക്കി കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുകയാണ്.

തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിന് സ്വകാര്യകരാറുകാർക്ക് തൊഴിൽകൂലി നൽകുകയും ഒപ്പംതന്നെ തെരുവുവിളക്കുകൾക്കുള്ള താരിഫിന്റെ ഭാഗമായി പ്രസ്തുത തെരുവുവിളക്കുകൾ മാറ്റിസ്ഥാപിച്ചതിനുള്ള തൊഴിൽകൂലി ഉൾപ്പെടെയുള്ള തുക കെ.എസ്.ഈ.ബി.യിൽ ഒടുക്കുകയും ചെയ്യുന്നത് ക്രമരഹിതമാണ്.

സ്വകാര്യകരാറുകാർക്ക് തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിന് തൊഴിൽകൂലി ഇനത്തിൽ നൽകിയ തുകയ്ക്ക് തത്തുല്യമായ തുക തെരുവുവിളക്കുകൾക്കുള്ള താരിഫിൽനിന്നും കുറവുചെയ്തുമാത്രം കെ.എസ്.ഇ.ബി.യിൽ ഒടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് 14.08.17 നൽകിയ ഓഡിറ്റ് എൻക്വയറി നം.15-ന് സ്വകാര്യകരാറുകാർക്ക് തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിന് തൊഴിൽകൂലി ഇനത്തിൽ നൽകിയ തുകയ്ക്ക് തത്തുല്യമായ തുക തെരുവുവിളക്കുകൾക്കുള്ള താരിഫിൽനിന്നും കുറവുചെയ്തുമാത്രം കെ.എസ്.ഇ.ബി.യിൽ ഒടുക്കുന്നതിന് നടപടി സ്വീകരിന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിക്ക് വർഷങ്ങളായി സ്വകാര്യ

കരാറുകാർക്ക് തൊഴിൽകൂലി നൽകുകയും ആയത് ഇപ്പോഴും തുടരുകയും ചെയ്യുമ്പോഴും കെ.എസ്.ഈ.ബി-യിൽ ഒടുക്കുന്ന താരിഫിന്റെ ഭാഗമായി പ്രസ്തുത തെരുവുവിളക്കുകൾ മാറ്റിസ്ഥാപിച്ചതിനുള്ള തൊഴിൽകൂലി ഉൾപ്പെടെയുള്ള തുക നൽകുന്നതിലൂടെ പഞ്ചായത്ത് ഫണ്ട് ദുർവ്യയം ചെയ്യുന്നതായും ഫണ്ടിന്റെ കാര്യക്ഷമമായ വിനിയോഗത്തിൽ കാര്യനിർവഹണാധികാരികളും കാര്യനിർവഹണോദ്യോഗസ്ഥനും അനാസ്ഥ കാണിയ്ക്കു ന്നതായും വ്യക്തമാവുന്നു.

തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി സ്വകാര്യകരാറുകാർക്ക് നൽകിയിട്ടുള്ള തിനാൽ കെ.എസ്.ഈ.ബി.യിൽ ഒടുക്കുന്ന താരിഫ് പ്രസ്തുത ഇനം ഒഴിവാക്കി പരിഷ്കരിക്കുന്നതിനും തുക ഒടുക്കുന്നതിനുമുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 3-5 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ -മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും പിഴവുകൾ.

തെരുവുവിളക്കുകളുടെ പരിപാലനത്തിന് അടാട്ട് ഗ്രാമപഞ്ചായത്ത് മാതൃക അവലംബിക്കുന്ന ഇതര ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി നടത്തിപ്പിലേക്ക് പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി.തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധമായി നിർദ്ദിഷ്ട മാതൃകയിലുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ തെരുവുവിളക്കുകളുടെ പരിപാലനം-അടാട്ട് മാതൃക എന്ന പ്രോജക്ടിനായി (പ്രോജ നം. 9/17 ) 31.01.17 ലെ ബിൽ നം. 17 പ്രകാരം 6,00,000/-രൂപ ചെലവഴിച്ച് തെരുവുവിളക്കുകൾക്കുള്ള ഉപകരണങ്ങളും അറ്റകുറ്റപ്പണികൾക്കുള്ള ഉപകരണങ്ങളും വാങ്ങുകയും 31.3.17 ലെ ബിൽ നം. 47 പ്രകാരം 2,46,450/-രൂപ പിൻവലിച്ച് ഇലക്ട്രീഷ്യൻമാർക്കുള്ള വേതനവും വാഹനവാടകയും നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അടാട്ട്മാതൃകയിൽ തെരുവുവിളക്കുകളുടെ പരിപാലനം നടത്തുന്നത് സംബന്ധമായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 17.8.15 ലെ ജി2-44274/15-നമ്പർ ഉത്തരവുപ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായോ രേഖകൾ സൂക്ഷിച്ചിട്ടുള്ളതായോ കാണുന്നില്ല.

ഗ്രാമപഞ്ചായത്ത് മുഴുവൻ തെരുവുവിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം റിസർവായി കരുതാവുന്നതാണെന്നുമുള്ള പ്രസ്തുത മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിയ്ക്കുകയോ അത്തരം വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിക്കുകയോ തെരുവുവിളക്കുകളുടെ എണ്ണം വ്യക്തമാക്കി കെ.എസ്.ഇ.ബി.യിൽനിന്ന് താരിഫ്ചാർട്ട് വാങ്ങി ഗ്രാമപഞ്ചായത്തുപരിധിയിലുള്ള തെരുവുവിളക്കുകളുടെ എണ്ണം കൃത്യമായി നിർണയിക്കുകയോ ചെയ്യാതെ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള കരാറിൽ ഏർപ്പെട്ട ശ്രീ.തുളസീധരൻ,വിജയഭവൻ, മാറനാട് എന്ന കരാറുകാരൻ മുഖേനയാണ് തെരുവു

വിളക്കുകൾക്കുള്ള ഉപകരണങ്ങളും അറ്റകുറ്റപ്പണികൾക്കുള്ള ഉപകരണങ്ങളും 6,00,000/-രൂപ ചെലവഴിച്ച് വാങ്ങിയത്.

വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക്, വിതരണവിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ റീക്കൺസൈൽ ചെയ്ത് സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഡ്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചതായോ കേടായ സാധനങ്ങൾ അതത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് 'രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് ' എന്ന രജിസ്റ്ററിൽ ചേർക്കണമെന്നും സാമ്പത്തികവർഷാവസാനം ഇപ്രകാരമുള്ള 'സ്റ്റോക്ക് ഇൻ രജിസ്റ്റർ ' ഉം ' സ്റ്റോക്ക് ഔട്ട് രജിസ്റ്റർ ' ഉം റീക്കൺസൈൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പു വരുത്തണമെന്നുമുള്ള മാർഗനിർദ്ദേശം പാലിച്ചതായോ കാണുന്നില്ല.

മേൽ സൂചന അപാകതയിൻമേൽ വിശദീകരണം തേടി 14.08.17-ൽ നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 16-ന് തെരുവുവിളക്കുകൾ സംബന്ധിച്ച വിശദമായ കണക്കുകൾ നൽകണമെന്ന് കെ.എസ്.ഇ.ബിയ്ക്ക് കത്ത് നൽകിയിരുന്നുവെന്നും മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ കരാറുകാരൻമുഖേന വാർഡിൽ പരിശോധനനടത്തി തയ്യാറാക്കിയ കണക്കുകൾപ്രകാരം സാധനങ്ങൾ വാങ്ങുകയുമാണ് ചെയ്തതെന്ന് മറുപടി നൽകിയിട്ടുണ്ട്. മതിയായ രേഖകൾ ലഭ്യമാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് തെരുവുവിളക്കുകൾക്കുള്ള ഉപകരണങ്ങളും അറ്റകുറ്റപ്പണികൾക്കുള്ള ഉപകരണങ്ങളും വാങ്ങുന്നതിനും മതിയായ രജിസ്റ്ററുകൾ പരിപാലിയ്ക്കുന്നതിനും നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 3-6 വൈദ്യുതിചാർജ്ജ് - നിലവിൽ ഇല്ലാത്ത ബൾബുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിലവിലില്ലാത്ത ഇല്ലാത്ത ബൾബുകൾക്കും വൈദ്യുതിചാർജ്ജ് ഒടുക്കുന്നു. ഇത് സംബന്ധിച്ച് 2015-16 വർഷത്തെ ഖണ്ഡിക 3-10-ലും പരാമർശിച്ചിരുന്നു. എന്നാൽ ഈ സാമ്പത്തികവർഷത്തിലും ഇല്ലാത്ത ബൾബുകൾക്കും വൈദ്യുതിചാർജ്ജ് ഒടുക്കിയിരിക്കുന്നു. ചെലവുതുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | വൗച്ചർ നമ്പർ ,തീയതി | ചെക്ക് നമ്പർ ,തീയതി | തുക |
|---|---|---|---|
| 4/16 | 21600020/ 6-4-2016 | 19372/ 6-4-2016 | 1,56,157/- |
| 5/16 | 21600069/ | 4677723/ | 1,56,157/- |

| | | | |
|---|---|---|---|
| | 2-5-2016 | 2-5-2016 | |
| 6/16 | 21600111/<br>3-6-2016 | 4677724/<br>3-6-2016 | 1,56,157/- |
| 7/16 | 21600148/<br>1-7-2016 | 4677725/<br>1-7-2016 | 1,56,157/- |
| 8/16 | 21600189/<br>5-8-2016 | 19436/<br>5-8-2016 | 1,56,157/- |
| 9/16 | 21600250/<br>3-9-2016 | 4677730/<br>3-9-2106 | 1,56,157/- |
| 10/16 | 21600314/<br>4-10-2016 | 17424/<br>4-10-2016 | 1,56,157/- |
| 11/16 | 21600360/<br>2-11-2016 | 4677733/<br>2-11-2016 | 1,56,157/- |
| 12/16 | 21600438/<br>19-12-2016 | 4677739/<br>19-12-2016 | 1,56,157/- |
| 1/17 | 21600532/<br>17-1-2017 | 1210383/<br>17-1-2017 | 1,56,157/- |
| 2/17 | 21600592/ | 1210392/ | 1,56,157/- |

| | | | |
|---|---|---|---|
| | 3-2-2017 | 3-2-2017 | |
| 3/17 | 21600697/<br>9-3-2017 | 1356585/<br>9-3-2017 | 1,56,157/- |
| | ആകെ | | 18,73,884/- |

ഇലക്ട്രിസിറ്റിബോർഡുമായി സംയുക്തപരിശോധന നടത്തുകയോ അതിൻമേൽ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ 18,73,884/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ തുടർനടപടി സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 പശ്ചിമഘട്ടവികസനപദ്ധതി - തുക ബാക്കി നിൽക്കുന്നു

വാർഷികകണക്കുകൾപ്രകാരം കൃഷി ഓഫീസർക്ക് പശ്ചിമഘട്ട വികസനപദ്ധതിയ്ക്കായി പഞ്ചായത്തിൽനിന്നും അഡ്വാൻസായി അനുവദിച്ചത് 10,05,836/-രൂപയാണ്. 2016-17 സാമ്പത്തികവർഷം ആയതിൽ 8,79,773/-രൂപയുടെ ചെലവ് നടന്നതായും പശ്ചിമഘട്ട വികസനപദ്ധതിയ്ക്കായുള്ള അക്കൗണ്ടിൽ നിലവിൽ 1,26,063/-രൂപ ബാക്കി നിൽക്കുന്നതായും വാർഷികകണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ചെലവിന്റെ വിശദാംശങ്ങളും പശ്ചിമഘട്ട വികസനപദ്ധതി അവസാനിപ്പിച്ച് ബാക്കിതുക തിരികെ ഒടുക്കാൻ നിർദ്ദേശിച്ചിട്ടും തുക ഒടുക്കാതെ ബാക്കി നിൽക്കുന്നതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12 തീയതി 11.08.17-ന് മറുപടിയായി 24.01.2017 തീയതിയിൽ 11,15,490/-രൂപ തിരികെ ഒടുക്കിയിട്ടുണ്ട്. നിലവിൽ 1,26,063/-രൂപ ബാക്കിനിൽക്കുന്നു. എന്നാൽ നൽകിയതിലും കൂടുതൽ തുക തിരികെ ഒടുക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ബാക്കിനിൽക്കുന്ന തുക കൂടി തിരികെ ഒടുക്കി വിവരമറിയിക്കേണ്ടതാണ്.

## 3-8 അതുല്യം -തുടർവിദ്യാഭ്യാസപദ്ധതി-പഠിതാക്കളുടെ വിവരം ലഭ്യമാക്കിയില്ല

ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ അതുല്യം-തുടർവിദ്യാഭ്യാസപദ്ധതി (പ്രോജക്ട് നമ്പർ 13/17) എന്ന പദ്ധതിയ്ക്കായി 14,400/-രൂപ ചെക്ക് നമ്പർ 1356590/23-3-2017 – പ്രകാരം പിൻവലിച്ച് കേരളസംസ്ഥാനസാക്ഷരതാമിഷൻ അതോറിറ്റി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുതപദ്ധതിയുടെ ഗുണഭോക്താക്കൾ ആരെന്നുള്ള ലിസ്റ്റും അവർ പരീക്ഷ എഴുതിയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ

2/4-8-2017 )-ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 14,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുതപദ്ധതിയുടെ ഗുണഭോക്താക്കളുടെ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ്, അവർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, പരിശീലന ക്ലാസിൽ ഹാജരായതിന്റെയും പരീക്ഷ എഴുതിയതിന്റെയും വിവരങ്ങൾ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ -മാനദണ്ഡങ്ങൾ പാലിക്കാതെ തുക നിക്ഷേപിച്ചു,പദ്ധതി പൂർത്തീകരണവിവരങ്ങൾ ഇല്ല.

അക്രഡിറ്റഡ് ഏജൻസികൾമുഖേന പൊതുമരാമത്തുപ്രവൃത്തികൾ നിർവഹണം നടത്തുമ്പോൾ എസ്റ്റിമേറ്റ് തുകയുടെ 20% മാത്രമേ മുൻകൂർ നൽകാൻ പാടുള്ളൂ എന്ന് 30.7.14 ലെ ജി.ഒ.(പി) നം.311/14/ധന ഉത്തരവിൽ നിർദ്ദേശിച്ചിരിക്കെ സെക്രട്ടറി നിർവഹണം നടത്തിയ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രോജക്ടുകൾക്കായി കേരള വാട്ടർ അതോറിട്ടിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 9,98,184/-രൂപ പൂർണമായും പ്രസ്തുത സ്ഥാപനത്തിൽ ഒടുക്കി. പദ്ധതി പൂർത്തീകരണ വിവരങ്ങൾ ഇല്ല.

കുടിവെള്ള പദ്ധതിയുടെയും സർക്കാർ ഉത്തരവുപ്രകാരം ഒടുക്കാവുന്ന തുകയുടെയും മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ അധികമായി നിക്ഷേപിച്ച തുകയുടേയുംവിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.- പേര് | വകയിരുത്തിയ തുക / ഫണ്ടിനം | ചെലവഴിച്ച തുക | ബിൽ നം./ തീയതി | ജി.ഒ.(പി) നം.311/14/ധന തീ.30.7.14 പ്രകാരം ഒടുക്കാവുന്ന തുക. (എസ്റ്റിമേറ്റ് തുകയുടെ 20%) | മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ അധികമായി നിക്ഷേപിച്ച തുക |
|---|---|---|---|---|---|
| 189/17 കോയിപ്പുറമ്പ് തുലവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 5,66,100/- (വികസന ഫണ്ട് എസ് സി പി ) | 5,66,100/- | 43/ 31.03.17 | 1,13,220/- | 4,52,880/- |
| 190/17 പണ്ടാരക്കുന്ന് കോളനി | 3,98,600/- (വികസന ഫണ്ട് | 3,98,600/- 33,484/- | 45/ 31.03.17 46/ | 86,417/- | 3,45,667/- |

| | | | | | |
|---|---|---|---|---|---|
| പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | എസ് സി പി )<br>33,484/-<br>(കെഎൽ ജിഎസ് ഡിപി) | | 31.03.17 | | |
| ആകെ | | 9,98,184/-രൂപ | | | |

മേൽ സൂചിപ്പിച്ച അപാകതയിൻമേൽ വിശദീകരണം തേടി 14.08.17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16 ന് 2017 മാർച്ച് മാസത്തിലാണ് തുക ഒടുക്കുവരുത്തിയിട്ടുള്ളതെന്നും ടെണ്ടർനടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ജി.എസ്.ടി സംബന്ധിച്ച വ്യക്തതവരുന്നമുറയ്ക്ക് തുടർനടപടി സ്വീകരിയ്ക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കുടിവെള്ളപദ്ധതിയ്ക്കായി നിക്ഷേപിച്ച 9,98,184/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.പദ്ധതി പൂർത്തീകരണവിവരങ്ങളും അളവ് പുസ്തകങ്ങളും ആകെ പ്രവൃത്തിമൂല്യരേഖകളും ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്. അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണം സംബന്ധമായ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിയ്ക്കേണ്ടതാണ്.

## 3-10 എസ്.എസ്.എ. വിഹിതം നൽകൽ വിനിയോഗ വിവരങ്ങളും ഹാജരാക്കിയിട്ടില്ല

എസ്.എസ്.എ. വിഹിതം നൽകൽ (പ്രോജക്ട് നമ്പർ 47/17) എന്ന പ്രോജക്ടിനായി വികസനഫണ്ട് ജനറലിൽനിന്നും പതിമൂന്ന് ലക്ഷം രൂപ വകയിരുത്തിയിരുന്നത് ബിൽ നമ്പർ 1/16-17/17.1.2017 പ്രകാരം പിൻവലിച്ച് ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. (ഡി.ഡി. നമ്പർ 677030/17-12-17). ജില്ലാ പ്രോജക്ട് ഓഫീസറുടെ 3.6.2016 തീയതിലെ 3/275/16 നമ്പർ കത്തുപ്രകാരം 16,70,193/-രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ആയതിന്റെ വിശദമായ സാമ്പത്തികവിശകലനം ലഭ്യമാക്കിയിട്ടില്ലായിരുന്നു. ആയതിന്റെ വിനിയോഗവിവരങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 2/4-8-2017 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതി നാൽ 13,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 ദേശീയ തൊഴിലുറപ്പ് പദ്ധതി

2016-17 സാമ്പത്തികവർഷത്തിൽ 2,196 കുടുംബങ്ങൾക്കായി 93,142

മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 158 കുടുംബങ്ങൾ 100 ദിനങ്ങൾ പൂർത്തിയാക്കി.ആകെ 2,88,61,343/-രൂപയുടെ ചെലവ് ഭൂവികസനം, ചെറുകിട ജലസേചനം, ജലസ്രോതസ്സുകളുടെ സംരക്ഷണം, വരൾച്ച പ്രതിരോധം, ഗ്രാമീണ റോഡുനിർമ്മാണം, ഐ.എ.വൈ ഭവനനിർമ്മാണം എന്നീ മേഖലകളിലെ പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്.

1.നിരപ്പുവിള-തേറോട്ട് റോഡ് നിർമ്മാണം –വസ്തു കൈമാറിയത് ആസ്തിയിൽ ചേർത്തില്ല

നടവഴി വികസിപ്പിച്ച പ്രവൃത്തിയ്ക്ക് (270 മീ )വസ്തു വിട്ടുനൽകിയ സ്വകാര്യ വസ്തുവുടമകൾ നിയമാനുസൃതം വസ്തുവിട്ടുകൊടുത്തതിന് രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തി രജിസ്റ്ററിൽ നിർമ്മാണ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ല.

പ്രവൃത്തിയുടെ മറ്റ് വിവരങ്ങൾ :

ടി.എസ്.നം.167/A.E./L.S.G.D./V.G.P/16-17 തീ.1.9.16

എസ്റ്റിമേറ്റ് തുക- 1,28,344/-രൂപ

പ്രവൃത്തി മൂല്യം-1,23,970/-രൂപ

എം.ബുക്ക് നം.151/16-17

2.ചിറ/കുളങ്ങൾ എന്നിവയിൽനിന്നും നീക്കംചെയ്ത മണ്ണും ചെളിയുടെയും വിനിയോഗ വിവരങ്ങൾ ഇല്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ കുളങ്ങൾ/ ചിറ എന്നിവ പുനരുദ്ധരിച്ച പ്രവൃത്തികളിൽ നിന്നും ഗണ്യമായ അളവിൽ ചെളിയും മണ്ണും നീക്കം ചെയ്തിട്ടുണ്ട്.എന്നാൽ ഇവ തുടർന്നുപയോഗിച്ചതിന്റെയോ ലേലം നടത്തിയതിന്റെയോ രേഖകൾ ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/14.08.17) സ്ലറിരൂപത്തിൽ ആയിരുന്നതിനാൽ സൈഡ് ഫില്ലിങ്ങിന് ഉപയോഗിച്ചു വെന്നാണ് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലഭിച്ച മണ്ണും ചെളിയും ഉപയോഗ്യമല്ല എന്ന് എൽ.എസ്.ജി.ഡി വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടേ പേര്/എസ്റ്റിമേറ്റ്/ എം.ബുക്ക് നം. | നീക്കംചെയ്ത ചെളിയും മണ്ണിന്റെയും അളവ് | മൂല്യം(രൂപ) |
|---|---|---|---|
| 1. | കുടവട്ടൂർചിറ പുനരുദ്ധാരണം 3,23,635/-രൂപ 105/15-16 | 850 എം.3 | 2,29,330/- |
| 2. | വാപ്പാല ഇടപ്പാക്കോണം കുളം | 300 എം.3 | 80,940/- |

| | | | |
|---|---|---|---|
| | 1,91,546/-രൂപ<br>102/16-17 | | |
| 3. | വെട്ടിയന്നൂർ വാപ്പാല കുളം<br>1,06,973/-രൂപ<br>85/16-17 | 250 എം.3 | 67,450/- |

<u>മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

2.പ്രവൃത്തികൾ നടപ്പിലാക്കിയ ഭൂമിയിൽ നിലവിലുള്ള വീട് ഉൾപ്പെടെയുള്ള സ്ഥിരം നിർമ്മിതികൾ/വൃക്ഷങ്ങൾ എന്നിവ കഴിച്ചുള്ള കൃഷിയോഗ്യമായ ഭൂമിയുടെ അളവ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ രേഖകൾ ഇല്ല.

3. എല്ലാ കിണർ റീച്ചാർജ് പിറ്റ് നിർമ്മാണ പ്രവൃത്തികളിലും , പിറ്റിൽ മണൽ കട്ട, മണൽ , മെറ്റൽ എന്നിവ നിക്ഷേപിക്കാത്തത് വെള്ളത്തിന്റെ ശുദ്ധീകരണപ്രക്രിയ ഫലപ്രദമാക്കു ന്നതിന് സഹായകരമല്ല.

4. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ , പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

5.വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

6.പ്രവൃത്തിയുടെ ഫോട്ടോകൾ ഫയലിൽ പരിമിതമായതിനാൽ, പ്രൊജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും , പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല.

7.പരാതി രജിസ്റ്റർ പരിപാലിക്കുന്നില്ല.

മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 <u>ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ മരാമത്തുപ്രവൃത്തികൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല</u>

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ ഗുണഭോക്തൃസമിതികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ,സംസ്ഥാന ആസൂത്രണബോർഡ് 1999-ൽ പുറപ്പെടുവിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പാലിയ്ക്കാതെ പണികൾ നടത്തിയതിനാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സുതാര്യത , ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല എന്നു വിലയിരുത്തുന്നു. കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1) <u>പണമിടപാടുകൾ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേന നടത്തുന്നില്ല.</u>

ഗുണഭോക്തൃസമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേനയാണ് നടത്തുന്ന പ്രവൃത്തിയുടെ എല്ലാ ചെലവുകളും

നിർവ്വഹിക്കേണ്ടത്.സംയുക്ത അക്കൗണ്ടിൽ കൂടിയല്ലാതെ , ലക്ഷക്കണക്കിന് രൂപയുടെ സാധനസാമഗ്രികൾ 'ക്യാഷ് ' അടിസ്ഥാനത്തിൽ വാങ്ങിയ ഇടപാടുകളിലെ സുതാര്യത ബോധ്യപ്പെടുന്നില്ല. ക്രെഡിറ്റ് അടിസ്ഥാനത്തിലാണ് സാധനസാമഗ്രികൾ വാങ്ങിയതെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ ഇല്ല. കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും അനുവദിച്ചിട്ടില്ലായെന്നിരിക്കെ ബാങ്കിലെ അക്കൗണ്ടിൽനിന്നും മാറിയെടുത്ത ഫൈനൽ ബിൽ തുക കൈപ്പറ്റി ,കൺവീനർമാർ നടത്തിയ സാമ്പത്തികഇടപാടുകൾ, ചെക്ക്/ഡി.ഡി./ അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയല്ലാത്തതിനാൽ പരിശോധനാപരിധിയ്ക്ക് വെളിയിൽ നിൽക്കുന്നുവെന്നത് ഗൗരവതരമാണ്.

3)<u>രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ.</u>

പ്രവൃത്തികളുടെ ബില്ലുകളെല്ലാം നിയമാനുസൃതമല്ല (സാധുതയുള്ള മെറ്റീരിയൽ ബില്ലുകൾക്കു പകരം വെള്ളപേപ്പറിൽ വൻതുകയ്ക്കുള്ള കൈപ്പറ്റുവിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നു). എല്ലാ സാധനസാമഗ്രികളും അംഗീകൃത ഡീലറിൽനിന്നും വാങ്ങുന്നില്ല. വൗച്ചറുകൾ എല്ലാം ക്രമനമ്പർ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പ്രവൃത്തികൾ നിർവ്വഹിച്ച ഗുണഭോക്തൃസമിതികൾ, അംഗീകൃത ഏജൻസികൾ/ ഡീലർമാരിൽ നിന്നുമല്ലാതെ വാങ്ങുന്ന നിർമ്മാണസാമഗ്രികളുടെ നികുതിയിനത്തിലെ വരുമാനം സർക്കാരിന് നഷ്ടപ്പെടുന്നതിന് ഇടയാക്കുകയും സാമ്പത്തികവ്യവസ്ഥിതിയിൽ കള്ളപ്പണ ത്തിന്റെ ഭാഗമാക്കുന്നതിന് സർക്കാർ ഫണ്ടുതന്നെ നിമിത്തമാകുന്ന സാഹചര്യവും സൃഷ്ടിക്കുന്നു.

4) <u>വരവ്- ചെലവ് കണക്ക് അച്ചടിച്ച് അംഗങ്ങൾക്ക് നൽകുന്നില്ല</u>

ഗുണഭോക്തൃസമിതി കൺവീനർ വരവ്- ചെലവ് കണക്ക് അച്ചടിച്ച് സമിതി അംഗങ്ങൾക്ക് നൽകുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ, മതിയായതും നിയമം അനുശാസിക്കുന്നതുമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കാതെയും മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെയും ഗുണഭോക്തൃസമിതി കൺവീനർമാർക്ക് തുക അനുവദിച്ചത്, തുടർനടപടികൾക്കായി മേലധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-13 <u>ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല</u>

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്റ്റിനായി (പ്രോജ.നം. 12/17 ) റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1,00,000/- രൂപ വകയിരുത്തുകയും 21.12.16 ലെ ബിൽ നം. 12 പ്രകാരം പ്രസ്തുതതുക ഹോംകോയിൽ ഒടുക്കുകയും ചെയ്തെങ്കിലും നാളിതുവരെ 55,550/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

(ഇൻവോയ്സ് നം.എൽ എഫ് 86/27.12.16)

മേൽ സൂചന അപാകതയിൻമേൽ വിശദീകരണം തേടി 14.08.17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16-ന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് നിരവധി തവണ കത്തുനല്കിയിട്ടുണ്ടെന്നും ലഭ്യമാകുന്നമുറയ്ക്ക് സ്റ്റോക്കിൽചേർത്ത് സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. 44,450/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ഹോംകോയിൽ ഒടുക്കിയ പ്രസ്തുതതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-14 പുറമ്പോക്കുരജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചുവരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5),218 എന്നിവപ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കുവസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതുജനങ്ങൾക്ക് പ്രയോജന പ്പെടുന്നവിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽനിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.അതിനാൽ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഉൾപ്പെടുന്ന പുറമ്പോക്കുഭൂമി സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽനിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

## 3-15 ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച-1,50,76,124/- ചെലവഴിക്കപ്പെട്ടിട്ടില്ല.

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച് നല്കിയ തുകകൾ വിനിയോഗിക്കാതിരുന്നതുമൂലം ഗ്രാമപഞ്ചായത്തിന് തൻവർഷം 1,50,76,124/- ചെലവഴിക്കപ്പെട്ടിട്ടില്ല. സാമൂഹികനീതിയും സാമ്പത്തികവികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തിന് തൻവർഷം സർക്കാർ അനുവദിച്ച് നൽകിയ ഗ്രാന്റുകളുടേയും ഫണ്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്ക പ്പെടാത്തതിനാൽ നഷ്ടമായ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | വികസന ഫണ്ട്(പൊതു വിഭാഗം) | 15766049 | 14514134 | 12,51,915/- |
| 2 | വികസന ഫണ്ട്(പ്രത്യേക ഘടക പദ്ധതി) | 10285029 | 8270056 | 20,14,973/- |
| 3 | വികസന ഫണ്ട്(പട്ടിക വർഗ ഉപ പദ്ധതി) | 5604 | 5604 | - |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8841360 | 7875047 | 9,66,313/- |
| 5 | കെ.എൽ.ജി.എസ്.ഡി.പി. | 4948726 | 248860 | 46,99,866/- |
| 6 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 7693992 | 3530196 | 41,63,796/- |
| 7 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 4212039 | 2232778 | 19,79,261/- |
| ആകെ | | | | 1,50,76,124/- |

സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുംവിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾമൂലം 1,50,76,124/-രൂപ ചെലവഴിക്കാൻ കഴിയാതെവന്നത്. 1994 ലെ കേരള പഞ്ചായത്തീരാജ് നിയമങ്ങളിൽ പ്രതിപാദിക്കുംപ്രകാരം വികേന്ദ്രീകൃതാസൂത്രണത്തിന്റെ സത്തയുൾക്കൊണ്ട് വികസനപദ്ധതികൾ ആവിഷ്കരിക്കുവാനും ബജറ്റ് തയ്യാറാക്കുവാനും ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാനും സർക്കാർ അനുവദിച്ചുനൽകുന്ന ഫണ്ടുകൾ ധനവിനിയോഗ

മാർഗരേഖകളിലെ നിർദ്ദേശങ്ങൾപാലിച്ച് ചെലവഴിക്കുവാനും ശേഷിക്കുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുവാനും ഉദ്യോഗസ്ഥരും ഭരണസമിതിയും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്.

## 3-16 അങ്കണവാടി ഭൗതികസാഹചര്യങ്ങൾ

| അങ്കണ വാടിയുടെ നമ്പർ | പേര് | കെട്ടിടം | കുടി വെള്ളം | കറണ്ട് | ടോയ്ലെറ്റ് | ചുറ്റുമതിൽ | റിമാർക്സ് |
|---|---|---|---|---|---|---|---|
| 115 | ആശാൻമുക്ക് | സ്വന്തം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 116 | ചാമവിള | സ്വന്തം | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | |
| 117 | കുടവട്ടൂർ | സ്വന്തം | ഇല്ല | വയറിംഗ് നടത്തി കറണ്ട് കിട്ടിയില്ല | ഉണ്ട് | ഉണ്ട് | |
| 118 | പഴങ്ങാലം മുക്ക് | സ്വന്തം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 119 | മുട്ടറ | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 120 | മാറ്റൂർ | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 121 | മണികണ്ഠേശ്വരം | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 122 | പൂതുവ | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 123 | കലയക്കോട് | സ്വന്തം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 124 | വെളിയം പടിഞ്ഞാറ്റിൻകര | സ്വന്തം | ഇല്ല | വയറിംഗിന് ഫണ്ട് വച്ചിട്ടുണ്ട്. | ഉണ്ട് | ഉണ്ട് | ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ ഭിത്തിയിൽ കുടി വെള്ളം ചോർന്ന് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ഒലിച്ചിറിങ്ങി വീഴുന്നതായി കാണുന്നു. |
| 125 | താന്നിമുക്ക് | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 126 | ഇതിയൂർ | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 127 | കോട്ടൂർകോണം | സ്വന്തം | ഉണ്ട് | വയറിംഗ് നടത്തി കറണ്ട് കിട്ടിയില്ല | ഉണ്ട് | ഉണ്ട് | |
| 128 | കട്ടയിൽ | സ്വന്തം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 129 | പരുത്തിയറ | സ്വന്തം | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | |
| 130 | വെളിയം കോളനി | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 131 | | | | | | | |
| 132 | ആനർകോണം | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 133 | മൊട്ടക്കുഴി | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 134 | മിച്ചഭൂമി | സ്വന്തം | ഉണ്ട് | വയറിംഗ് നടത്തി കറണ്ട് കിട്ടിയില്ല | ഉണ്ട് | ഇല്ല | |
| 135 | കായില | സ്വന്തം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |

| | | | | | | | |
|---|---|---|---|---|---|---|---|
| 136 | പുല്ലാഞ്ഞിക്കോട് | സ്വന്തം | ഇല്ല | വയറിംഗ് നടത്തി കറണ്ട് കിട്ടിയില്ല | ഉണ്ട് | ഇല്ല | |
| 137 | കളപ്പില | വാടകയില്ലാതെ സ്കൂളിൽ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 138 | കൊമ്പാറ | സ്വന്തം | ഇല്ല | വയറിംഗ് നടത്തി കറണ്ട് കിട്ടിയില്ല | ഉണ്ട് | ഉണ്ട് | |
| 139 | കുളക്കോട് | സ്വന്തം | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | മഹിളാ സമാജത്തിനു കിട്ടിയ കെട്ടിടമാണ്. മുൻപ്രമാണമില്ലാത്തതിനാൽ പഞ്ചായത്തിന്റെ പേരിലേക്ക് പ്രമാണം രജിസ്റ്റർ ചെയ്തിട്ടില്ല. |
| 140 | ചെപ്ര | സ്വന്തം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 141 | കോണത്തുമുക്ക് | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |

| | | | | | | | |
|---|---|---|---|---|---|---|---|
| 142 | മാമ്പറ | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 143 | മുക്കാലമുക്ക് | സ്വന്തം | ഇല്ല | വയറിംഗ് നടത്തി കറണ്ട് കിട്ടിയില്ല | ഉണ്ട് | ഉണ്ട് | |
| 144 | മേലേവിള കൊട്ടറ | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 145 | മലപത്തൂർ | സ്വന്തം | ഇല്ല | വയറിംഗ് നടത്തി കറണ്ട് കിട്ടിയില്ല | ഉണ്ട് | ഉണ്ട് | |
| 175 | പുള്ളാടി മുക്ക് ചെപ്ര | വാടക | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |

124 -ാം നമ്പർ അങ്കണവാടി ചോർന്നൊലിക്കുന്നത് സംബന്ധിച്ച് അന്വേഷണത്തിനുള്ള മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ ഈ സാമ്പത്തികവർഷം ആയതിന് മേൽക്കൂരയ്ക്കായി പ്രോജക്ട് വയ്ക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 ആസ്തിരജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല – M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്.ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളുംകൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തിരജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട

ചുമതല തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തികവർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തിരജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹറിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ് - 13.01.2010ലെ 58608/ഡി.ബി.2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളൊ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്ററും പാലിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥിതിചെയ്യുന്ന സ്ഥാവരആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽഫോൺവഴി ജി.ഐ.എസ്.മാപ്പിംഗ് നടത്തുന്നതിനും കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം 'M-Asset'എന്ന മൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടൻ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ് 20.04.2016–ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന് ജെ.1/37630/15 ഉത്തരവ് പുറപ്പെടുവിച്ചു.

2016 മാർച്ച് മാസം വരെ വാങ്ങിയതോ, നിർമ്മിച്ചതോ , വിട്ടുകിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ടി വിവരങ്ങൾ സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നതിനും വരുംവർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനും, ഇതിന്റെ പൂർത്തികരണത്തിന് സെക്രട്ടറി, ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റ്,എൽ.എസ്.ജി.ഡി എ.ഇ. എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം. ഡയറക്ടറുടെ 09.06.2016- ലെ 223/LOBE/IKM/2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽനിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ ഒന്നും പാലിച്ചിട്ടില്ല. മൊബൈൽഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപ കവിയാത്ത ചെലവനുവാദം തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പിന്റെ സ.ഉ(സാധാ)നം.2904/16 /19.10.2016 നമ്പരിൽ പുറപ്പെടുവിച്ചുവെങ്കിലും നാളിതുവരെ പ്രാരംഭനടപടികൾ ആരംഭിച്ചില്ല.

ആസ്തി രജിസ്റ്റർ , സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിനും M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ, റവന്യൂരേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിമാത്രമെ 'port' ചെയ്യുന്നുവെന്നതും സ്ഥാപനമേധാവി ഉറപ്പുവരുത്തേണ്ടതാണ്. ടി വിഷയത്തിൽ

അടിയന്തിരനടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-18 മരുന്നു ലഭിച്ചിട്ടില്ല

ആയുർവേദമെഡിക്കൽ ഓഫീസർ നിർവഹണംനടത്തിയ മരുന്നുവാങ്ങൽ പ്രോജക്ടിനായി തുക നൽകിയെങ്കിലും ഔഷധിയിൽനിന്നും മരുന്നു പൂർണ്ണമായും ലഭിച്ചിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ , പേര് | ഡി.ഡി/ബിൽ നം. | നൽകിയ തുക | മരുന്ന് ലഭിച്ചത് | ലഭിക്കാനുള്ളത് |
|---|---|---|---|---|
| വയോജനമിത്രം,(18/17) | 1/16-17 /26-16-17 7,00,000/- | 9,00,000/- | 7,83,140/- | 1,16,860/- |
| | 4/16-17 /18.3.17 2,00,000/- | | | |
| ആയുർവേദാശുപത്രിയിലേക്ക് മരുന്ന്(15-17) | 2/16-17 /31.12.17 3,00,000/- | 3,00,000/- | 2,55,891/- | 44,109/- |

ആയതിനാൽ 1,60,969/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 60,000/- | 48/17 | 60,000/- | - |
| | | 56,200/- | 49/17 | 56,200/- | |
| | | 50,000/- | 63/17 | 50,000/- | |
| | | 4,00,000/- | 147/17 | 4,00,000/- | |
| | | 2,00,000/- | 211/17 | 1,81,850/- | |
| ജില്ലാ പഞ്ചായത്ത് | 2016-17 | 47,676/- | 48/17 | 47,676/- | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ്വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | 189/17 | | 5,66,100/- | | 5,66,100/- |
| കേരളാ വാട്ടർ അതോറിറ്റി | 190/17 | | 3,98,600/- | | 3,98,600/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | | 19,42,000/- | 53,28,900/- | 0 | 0 | 53,28,900/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,000/- |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | ഓഡിറ്റ് റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 42 (1)(2) | 2002-03 | | മരാമത്ത്പണികൾ - മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ ശേഷം പണി ആരംഭിച്ചിട്ടില്ല - തുക തിരികെ ഇടാക്കാത്തത്. | വിവരം ലഭ്യമല്ല. |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,22,99,304/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,89,18,552/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 44,560/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 44,95,887/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി). പഞ്ചായത്തുഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 19,410/- | ഡോ.ദിവ്യാശശി<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി |
| | - | 25,150/- | ഡോ.ജ്യോതിലാൽ<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1,04,000 | ശ്രീ.രഞ്ജിത്ത്, കൃഷി ഓഫീസർ |
| 3-6 | 18,73,884 | ശ്രീ.സുജിത്ത് കുമാർ. വി<br>സെക്രട്ടറി |
| 3-8 | 14,400 | ശ്രീമതി.ലളിത കുമാരിഎച്ച്.എം |
| 3-9 | 9,98,184 | ശ്രീ.സുജിത്ത് കുമാർ. വി<br>സെക്രട്ടറി |
| 3-10 | 13,00,000 | ശ്രീമതി.ലളിത കുമാരിഎച്ച്.എം |
| 3-13 | 44,450 | ശ്രീ.സുജിത്ത് കുമാർ. വി<br>സെക്രട്ടറി |
| 3-18 | 1,60,969 | ഡോ.റീനാ ശാന്തം, മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം –

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രഞ്ജിത്ത്, കൃഷി ഓഫീസർ | വിരമിച്ചു | ലക്ഷി വിലാസം, വാളത്തുംഗൽ പി.ഒ. കൊല്ലം |
| ഡോ.ജ്യോതിലാൽ മെഡിക്കൽ ഓഫീസർ | ലഭ്യമല്ല | ഇളം പ്ലാവിള കരിങ്ങന്നൂർ.പി.ഒ. കൊല്ലം |
| ഡോ.ദിവ്യാശശി മെഡിക്കൽ ഓഫീസർ പി.എച്ച്.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി വെളിയം ഗ്രാമപഞ്ചായത്ത് | ചരുവിള പുത്തൻവീട്, ഇടയ്ക്കിടം പി. ഒ. എഴുകോൺ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1996-199൯ | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 1997-98 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 1998-99 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 1999-2000 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2000-2001 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2001-02 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2002-03 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2003-04 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2004-05 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2005-06 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2006-07 | എൽ.എഫ്.ക്യൂപി7. 1205(1)/14/16.6.2014 | |
| 2007-08 | എൽ.എഫ്.ക്യൂപി7. 1205(2)/14/16.6.2014 | |
| 2008-09 | എൽ.എഫ്.ക്യൂപി7. 1205(3)/14/16.6.2014 | |
| 2009-10 | എൽ.എഫ്.ക്യൂപി7. 1205(4)/14/16.6.2014 | |
| 2010-11 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.ക്യുപി7.1026/13/22.08.2013 | |
| 2012-13 | എൽ.എഫ്.ക്യുപി7/870/15/04.07.2015 | |
| 2013-14 | എൽ.എഫ്.ക്യുപി7/870/04.07.2015 | |
| 2014-15 | കെ.എസ്.എ.കെ.എൽ.എം-പി7/996/16/<br>08-06-2016 | |
| 2015-16 | കെ.എസ്.എ. കെ.എൽ.എം-പി7/1849/16, 4-2-2017 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## 4-10 ഓഡിറ്റ്സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി-6/1728/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി 24/10/2017

### സാക്ഷ്യപത്രം 2016-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.